കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കൽപ്പറ്റ ബ്ലോക്ക്പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.എം.2-981/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കൽപ്പറ്റ - 673121
ഫോൺ: 04936-203672
e-mail:dowyd.ksad@kerala.gov.in
തിയ്യതി: 28/02/2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് -2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*********************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-1,3-6,3-7, 3-10 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

പകർപ്പ് :

1)സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) അസി. ഡെവലപ്മെൻറ് കമ്മീഷണർ, ഗ്രാമവികസന വകുപ്പ്, വയനാട്.

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ ഡബ്ല്യൂ.വൈ.ഡി.എം.2-981/2018

തിയ്യതി: /02/2019

വയനാട് ജില്ലയിലെ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.പി.മോഹനൻ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.11.2018 മുതൽ 21.11.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.എ.ജി.കിഷോർ ഓഡിറ്റ് ഓഫീസർ |
| | ശ്രീ.പി.ഷാജി, സീനിയർ ഓഡിറ്റർ |
| | ശ്രീ.എം.സമീർ, സീനിയർ ഓഡിറ്റർ |
| | ശ്രീ.പി.ജയൻ, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ശകുന്തള ഷൺമുഖൻ | 01.04.2017 മുതൽ 31.01.2018 വരെ |
| പ്രസിഡന്റ് (ആക്ടിംഗ്) | ശ്രീ.കെ.ഹനീഫ | 01.02.2018 മുതൽ 09.02.2018 വരെ |
| പ്രസിഡന്റ് | ശ്രീമതി.ശകുന്തള ഷൺമുഖൻ | 10.02.2018 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ.പി.കെ.ദിനേശൻ (അധിക ചുമതല) | 01.04.2017 മുതൽ 29.04.2017 വരെ |
| | ശ്രീ.കെ.ഉണ്ണികൃഷ്ണൻ (അധിക ചുമതല) | 29.04.2017 മുതൽ 29.06.2017 വരെ |
| | ശ്രീ.കെ.രാധാകൃഷ്ണപിള്ള (അധിക ചുമതല) | 29.06.2017 മുതൽ 07.10.2017 വരെ |
| | ശ്രീ.കെ,സരുൺ | 07.10.2017 മുതൽ 12.01.2018 വരെ |
| | ശ്രീ.റോയ്.കെ.എ (അധിക ചുമതല) | 12.01.2018 മുതൽ 17.02.2018 വരെ |
| | ശ്രീ.കെ.സരുൺ | 17.02.2018 മുതൽ 31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എക്സി.എഞ്ചിനീയർ | ശ്രീ.റോയ് ഐസക്ക് | 01.04.2017 മുതൽ 30.04.2017 വരെ |
| | ശ്രീ.ദീലീപ്.എം.എസ് | 01.05.2017 മുതൽ 09.10.2017 വരെ |
| | ശ്രീ.സന്ദീപ്.കെ.ജി | 10.10.2017 മുതൽ 08.11.2017 വരെ |

| | | |
|---|---|---|
| | ശ്രീമതി.നിഷ.വി.വി | 09.11.2017 മുതൽ 15.11.2017 വരെ |
| | ശ്രീ.കൃഷ്ണൻകുട്ടി.പി. | 16.11.2017 മുതൽ 30.11.2017 വരെ |
| | ശ്രീമതി.നിഷ.വി.വി | 01.12.2017 മുതൽ 31.01.2018 വരെ |
| | ശ്രീ.കൃഷ്ണൻകുട്ടി.പി. | 01.02.2018 മുതൽ 31.03.2018 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീ.എൻ.അയ്യപ്പൻ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ.രാജശ്രീ | 01.04.2017 മുതൽ 31.03.2018 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി.ഹർഷ.വി.എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി അസി.ഡയറക്ടർ | ശ്രീമതി.സുലോചന | 01.04.2017 മുതൽ 31.05.2017 വരെ |
| | ശ്രീ.അനിൽകുമാർ.എ.ഒ | 01.06.2017 മുതൽ 27.11.2017 വരെ |
| | ലൗലി അഗസ്റ്റിൻ | 28.11.2017 മുതൽ 31.03.2018 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ | കുമാരി രമണി | 01.04.2017 മുതൽ 03.05.2017 വരെ |
| | സരസ്വതി.എം (അധിക ചുമതല) | 04.05.2017 മുതൽ 23.07.2017 വരെ |
| | സ്മിത ജി.എൻ | 24.07.2017 മുതൽ 26.10.2017 വരെ |

| | | |
|---|---|---|
| | ബാവ.എം.സി<br>(അധിക ചുമതല) | 27.10.2017 മുതൽ 30.11.2017 വരെ |
| | സ്മിത ജി.എൻ | 01.12.2017 മുതൽ 08.12.2017 വരെ |
| | നിർമ്മലകുമാരി.ഇ.പി | 08.12.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | ആഭ്യന്തരനിയന്ത്രണം | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| | ഭാഗം - 2 | |
| 9 | രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററും ക്യാഷ് ബുക്കും ഓഡിറ്റിന് ഹാജരാക്കിയില്ല | 2-1 |
| | ഭാഗം - 3 | |
| 10 | കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന വിവിധ വിഭാഗങ്ങളുടെ ലൈഫ് മിഷൻ വീടുകളുടെ പൂർത്തീകരണം(പട്ടിക വർഗ്ഗം) പദ്ധതി- ഗുണഭോക്താക്കളുടെ ലിസ്റ്റ് ,എസ്റ്റിമേറ്റ് എന്നിവ ലൈഫ് മിഷൻ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ തയ്യാറാക്കി | 3-1 |

| | | |
|---|---|---|
| 11 | സർക്കാർ നിർദ്ദേശം പാലിക്കാതെ വാങ്ങലുകൾ നടത്തി. | 3-2 |
| 12 | ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ കമ്പ്യൂട്ടറുകൾ ഫോർമാറ്റ് ചെയ്ത് പുതിയതായി ഇൻസ്റ്റാൾ ചെയ്തത് വ്യാജ പകർപ്പ് | 3-3 |
| 13 | സർക്കാർ അനുമതിയോ ഉത്തരവുകളോ ഇല്ലാതെ ദിവസവേതനത്തിന് ആളുകളെ നിയമിച്ച് ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും വേതനം നൽകുന്നു. | 3-4 |
| 14 | ഐ.ഡബ്ല്യൂ.എം.പി പദ്ധതി നടപ്പാക്കിയത് രേഖകൾ ഹാജരാക്കിയില്ല | 3-5 |
| 15 | അംബേദ്കർകുന്ന് പട്ടികജാതി കോളനി കുടിവെള്ള പദ്ധതി - പദ്ധതി ലക്ഷ്യം കണ്ടെട്ടില്ല | 3-6 |
| 16 | എം.എസ്.ഡി.പി - സൈക്കിൾ വിതരണം - വിതരണ രേഖകൾ ഇല്ലാതെ തുക ചെലവഴിച്ചു | 3-7 |
| 17 | രേഖകൾ ഇല്ലാതെ തുക ചെലവഴിച്ചത് | 3-8 |
| 18 | കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ പരിഗണിക്കാതെ റോഡ് പ്രവൃത്തി നൽകിയതിനാൽ അധിക ചെലവ് 13463/- | 3-9 |
| 19 | ചുമതലയിൽപ്പെടാത്ത പ്രവൃത്തി നടത്തി പദ്ധതിപ്പണം ചെലവഴിച്ചു | 3-10 |
| 20 | ടെണ്ടർ നിരക്ക് പരിഗണിക്കാതെ പ്രവൃത്തി മൂല്യത്തിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചു | 3-11 |
| 21 | പകൽ വീടുകൾക്ക് ഫർണ്ണിച്ചറും ഉപകരണങ്ങളും വാങ്ങിയതിന് അധിക നിരക്ക് നൽകി | 3-12 |
| 22 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി-ചെലവഴിക്കാത്ത തുക ബ്ലോക്ക് പഞ്ചായത്തിന് തിരികെ നൽകിയില്ല. | 3-13 |
| | ഭാഗം - 4 | |
| 23 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 24 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 25 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 26 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 27 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം. | 4-5 |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-6 |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-7 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 ലെ ബഡ്ജറ്റ് 31.03.2017തീയതിയിലെ 2//2017തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബഡ്ജറ്റ് 27/03/18 തീയതിയിലെ 01/01 തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 26/6/2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 20.06.18 മുതൽ 21.06.18വരെ | കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി) എം.2-539/18/തീയതി 31.08.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹11,26,11,526 |
| വരവ് | ₹ 41,64,09,921 |

| | |
|---|---|
| ആകെ | ₹ 52,90,21,447 |
| ചെലവ് | ₹ 16,79,92,351 |
| നീക്കിയിരിപ്പ് | ₹ 36,10,29,351 |

തൻവർഷം വാർഷിക കണക്കുകൾ പ്രകാരം മുന്നിരിപ്പടക്കം ആകെ 52,90,21,447 രൂപ വരവുണ്ട്. എന്നാൽ ചെലവഴിച്ചത് 16,79,92,351 രൂപ (31.75 %) മാത്രമാണ്. അംഗീകാരം ലഭിച്ച 165 പദ്ധതികളിൽ 88 എണ്ണം മാത്രമേ നടപ്പിലാക്കാൻ സാധിച്ചിട്ടുള്ളൂ. ആകെ വകയിരുത്തിയ 14,59,89,357 രൂപയിൽ 7,11,10,980 രൂപ ചെലവഴിച്ചിട്ടുണ്ട്. (ചെലവ് 51% മാത്രം) ബ്ലോക്ക് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ലഭ്യമായ തുക ചെലവഴിക്കാതിരുന്നത് അധികൃതരുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയായി കാണുന്നു. ഇതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് (ACR പ്രകാരം) | ആകെ | ചെലവ് (AFS പ്രകാരം) | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | ₹5,43,79,168 | ₹5,43,79,168 | ₹3,62,33,055 | |
| വികസന ഫണ്ട്-എസ്.സി.പി | 0 | ₹98,57,000 | ₹98,57,000 | ₹68,97,119 | |
| വികസന ഫണ്ട്-ടി.എസ്.പി | 0 | ₹2,57,57,000 | ₹2,57,57,000 | ₹2,09,22,000 | |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | ₹69,17,000 | ₹69,17,000 | ₹33,14,987 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | ₹24,12,057 | ₹35,81,820 | ₹59,93,877 | ₹35,60,765 | ₹24,33,112 |
| സ്പെഷൽ.ടി.എസ്.ബി (ജോയിന്റ് വെഞ്ചർ) | 0 | ₹1,71,98,006 | ₹1,71,98,006 | ₹1,66,71,006 | ₹5,27,000 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| (എണ്ണം) | | (എണ്ണം) | | നടപ്പാക്കിയത് (എണ്ണം) | (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 165 | ₹14,59,89,357 | 88 | ₹7,11,10,980 | - | 77 | 51 |

# 1-7 ആഭ്യന്തരനിയന്ത്രണം

വിവിധ രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പിൽ ബ്ലോക്ക് പഞ്ചായത്ത് മികവ് പുലർത്തേണ്ടതുണ്ട്. പൊതുവായ നിരീക്ഷണങ്ങൾ താഴെ കൊടുക്കുന്നു.

1. സംയുക്ത പദ്ധതികൾക്കായി കൈമാറുന്ന തുകകൾ ഗ്രാമ പഞ്ചായത്തുകൾ വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തുന്നുണ്ട്. തന്മൂലം ബ്ലോക്ക് പഞ്ചായത്തിന് പദ്ധതി പണം നഷ്ടം സംഭവിക്കുന്ന സ്ഥിതി വിശേഷം ഉണ്ടാകാനിടയായിട്ടുണ്ട്. സംയുക്ത പദ്ധതികൾക്കുള്ള തുക വിനിയോഗം സംബന്ധിച്ച് കൃത്യമായ മോണിട്ടറിംഗ് നടത്തേണ്ടതാണ്.

2. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സുകൾ - കരട് പദ്ധതി നിർദ്ദേശങ്ങളുടെ വിശദമായ ചർച്ച മിനിട്ട്സുകളിൽ രേഖപ്പെടുത്തിയിട്ടില്ല. ആയവയ്ക്ക് ആധാരമായ രേഖകൾ ഫയലായി സൂക്ഷിച്ചിട്ടില്ല.കരട് പദ്ധതി നിർദ്ദേശങ്ങൾ ഫോറം - 1 ൽ തയ്യാറാക്കി സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സുകളിൽ തീരുമാനങ്ങൾ രേഖപ്പെടുത്താതിരിക്കുകയും ചെയ്യുന്നു.

3. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

4. കുറിപ്പ് ഫയൽ സൂക്ഷിക്കുന്നില്ല. ഫയൽ പേജ് നമ്പർ ഇട്ട് ക്രമമായി അടുക്കി സൂക്ഷിക്കുന്നതിൽ വിഴ്ച്ചയുണ്ട്.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.8.2017 മുതൽ 24.08.2017 വരെ | 2015-16 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 7.12.2016 | 2015-16 | 10.1.2017 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററും ക്യാഷ് ബുക്കും ഓഡിറ്റിന് ഹാജരാക്കിയില്ല

രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററും ക്യാഷ് ബുക്കും ഓഡിറ്റിന് ഹാജരാക്കിയില്ല. കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ മാനുൽ രസീത് ബുക്കിന്റെയും സാംഖ്യ സ്റ്റേഷനറിയുടെയും സ്റ്റോക്ക് രജിസ്റ്ററും 2017-18 ലെ ക്യാഷ് ബുക്കും ഓഡിറ്റിന് ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി.നം.16/2017-18/19.11.2018 മുഖേന ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കാത്തതിനാൽ രസീത് പരിശോധിക്കാൻ സാധിച്ചില്ല. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ലൈഫ് മിഷൻ വീടുകളുടെ പൂർത്തീകരണം(പട്ടികവർഗ്ഗം) പദ്ധതി- നടത്തിപ്പിലെ അപാകങ്ങൾ

ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ ലൈഫ് മിഷൻ ഭവന പൂർത്തീകരണം പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ ഗുരുതരമായ അപാകതകളും ക്രമക്കേടുകളും ശ്രദ്ധയിൽപ്പെട്ടു. പദ്ധതി സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 201/17-18(ലൈഫ് മിഷൻ വീടുകളുടെ പൂർത്തീകരണം – പട്ടികവർഗ്ഗം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | വികസന ഫണ്ട് (ജനറൽ)-71,66,964/-<br>ടി.എസ്.പി -1,49,22,020/-<br>ആകെ -2,20,88,984/-<br>(ലൈഫ് മിഷൻ വിഹിതം, കേന്ദ്രവിഹിതം എന്നിവ |

| | |
|---|---|
| | അടങ്കലിൽ ഉൾപ്പെടുത്തിയിട്ടില്ല ) |
| ആകെ ചെലവ് | ₹5,69,79,419/- |

ചെലവ് വിശദാംശങ്ങൾ

പദ്ധതി വിഹിതം

| ട്രഷറി ബിൽ നം. | തിയ്യതി/തുക |
|---|---|
| 37/17-18 | 09.02.18 / ₹25,89,500/- |
| 39/17-18 | 15.02.18/ ₹20,26,000/- |
| 45/17-18 | 17.02.18/₹22,41,500/- |
| 49/17-18 | 26.02.18/₹19,36,000/- |
| 50/17-18 | 26.02.18/₹19,23,000/- |
| 51/17-18 | 26.02.18/₹12,79,000/- |
| 54/17-18 | 27.02.18/₹1,00,000/- |
| 55/17-18 | 27.02.18/₹17,22,500/- |
| 56/17-18 | 27.02.18/₹11,95,000/- |
| 57/17-18 | 27.02.18/₹20,80,000/- |
| 61/17-18 | 28.02.18/₹10,70,000/- |
| 62/17-18 | 08.03.18/₹17,49,000/- |
| ആകെ | ₹1,99,11,500/- |

ലൈഫ് മിഷൻ വിഹിതം ചെലവ്- ₹2,93,83,419/-

| ചെക്ക് നം & തിയ്യതി | തുക |
|---|---|

| | |
|---|---|
| 10316-27.10.17 | ₹8,80,219/- |
| 10317-13.11.17 | ₹13,81,000/- |
| 10319-23.11.17 | ₹3,70,000/- |
| 10320-30.11.17 | ₹2,92,500/- |
| 10321-12.12.17 | ₹4,58,000/- |
| 10323-26.12.17 | ₹14,03,000/- |
| 10324-04.01.18 | ₹10,30,000/- |
| 10325-11.01.18 | ₹13,74,500/- |
| 10326-20.01.18 | ₹26,35,000/- |
| 10327-29.01.18 | ₹1,79,100/- |
| 10331-02.03.18 | ₹37,04,000/- |
| 10332-05.03.18 | ₹20,50,500/- |
| 10333-08.03.18 | ₹31,02,600/- |
| 10334-14.03.18 | ₹24,15,500/- |
| 10335-14.03.18 | ₹2,00,000/- |
| 10336-21.03.18 | ₹34,73,000/- |
| 10337-23.03.18 | ₹23,69,000/- |
| 10338-29.03.18 | ₹20,65,500 |
| ആകെ | ₹2,93,83,419/- |

പി.എഫ്.എം.എസ് വഹിതം(ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ നേരിട്ട് നിക്ഷേപിക്കപ്പെട്ട

കേന്ദ്രവിഹിതം)- ₹76,84,500/-

ആകെ ചെലവ്- ₹5,69,79,419/-

വിവിധ ലൈഫ് മിഷൻ ഭവന പൂർത്തീകരണം പദ്ധതികളിലെ ഗുണഭോക്താക്കളുടെ വിശദാംശം

| എസ്.ടി | ജനറൽ | എസ്.സി | ആകെ | പൂർത്തീകരിച്ചവരുടെ എണ്ണം (31.03.18) |
|---|---|---|---|---|
| 839 | 314 | 146 | 1299 | 465 |

ലൈഫ് മിഷൻ വീടുകളുടെ പൂർത്തീകരണം (പട്ടികവർഗ്ഗം) പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെപ്പറയുന്നു.

എ) ഗുണഭോക്താക്കളുടെ ലിസ്റ്റ്, എസ്റ്റിമേറ്റ് എന്നിവ ലൈഫ് മിഷൻ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ തയ്യാറാക്കി

ബ്ലോക്ക് പഞ്ചായത്ത് 2015-16 വരെയുള്ള ഐ.എ.വൈ പദ്ധതികളിൽ ഉൾപ്പെടുത്തി വീട് പണി പൂർത്തിയാകാത്ത പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ഗുണഭോക്താക്കൾക്കാണ് ലൈഫ് മിഷൻ വീടുകളുടെ പൂർത്തീകരണം (പട്ടികവർഗ്ഗം (പ്രോജക്ട് നം. 201/17-18) )പദ്ധതിയിൽ ആനുകൂല്യം നൽകി വരുന്നത്. എന്നാൽ ലൈഫ് മിഷൻ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് ഗുണഭോക്താക്കളുടെ ലിസ്റ്റ്, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയിട്ടുള്ളത് എന്ന് കണ്ടു. വിശദാംശങ്ങൾ താഴെപ്പറയുന്നു.

1)ജി.ഒ( എം.എസ്) നം. 196/2017/തസ്വഭവ തിയ്യതി 11.10.17 ഖണ്ഡിക IV പ്രകാരം ഗുണഭോക്താക്കളുടെ വീട് അഞ്ച് അംഗ ഉപസമിതി സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കേണ്ടതും ആയത് വാർഡ്തല കർമ്മസമിതി അംഗീകരിക്കേണ്ടതുമാണെങ്കിലും അപ്രകാരം ചെയ്തു കാണുന്നില്ല. ഉപസമിതിറിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2) മേൽ പരാമർശിച്ച ഉത്തരവ് ഖണ്ഡിക VI പ്രകാരം ഗുണഭോക്താക്കളുടെ ടി.പി.ടി.എ(Third Party Technical Agency) തയ്യാറാക്കിയ എസ്റ്റിമേറ്റ് , സ്ഥാപന തല കർമ്മസമിതി അംഗീകരിച്ച് ഭരണസമിതിക്ക് സമർപ്പിക്കേണ്ടതും ആയതിൽ ഭരണ സമിതി അന്തിമ തീരുമാനം കൈകൊള്ളേണ്ടതാണെങ്കിലും അപ്രകാരം

ചെയ്തില്ല. ഇതു സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല.

3) ജി.ഒ(എം.എസ്) നം.151/2017/തസ്വഭവ തിയ്യതി 31.07.17 പ്രകാരം അന്തിമ ഗുണഭോക്തൃ പട്ടിക ബ്ലോക്ക് പഞ്ചായത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണെങ്കിലും ആയത് നാളിതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി.നം. 04/ 2017-18/ 13.11.2018) മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ അപാകതകൾ തുടർ നടപടികൾക്കായി ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ബി) ലൈഫ് മിഷൻ പദ്ധതി- അനർഹരായ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി

ജി.ഒ( എം.എസ്) നം. 196/2017/തസ്വഭവ തിയ്യതി 11.10.17 ഖണ്ഡിക II പ്രകാരം ഏതെങ്കിലും സർക്കാർ ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി 2016 മാർച്ച് 31 ന് മുമ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായോ ഇതര വകുപ്പുകളുമായോ കരാറിൽ ഏർപ്പെടുകയോ ആനുകൂല്യം കൈപ്പറ്റി ഭവന നിർമ്മാണം ആരംഭിക്കുകയോ ചെയ്തെങ്കിലും വിവിധ കാരണങ്ങളാൽ പൂർത്തീകരിക്കാത്ത ഭവനം ഉള്ളവരെയാണ് ലൈഫ് മിഷൻ പദ്ധതിയിൽ ഗുണഭോക്താക്കളായി പരിഗണിക്കേണ്ടത്. എന്നാൽ വിവിധ വർഷങ്ങളിലെ ഐ.എ.വൈ പദ്ധതികളിൽ ഗുണഭോക്താക്കളായി 31.03.16 ന് ശേഷവും ഗഡുക്കൾ കൈപ്പറ്റി പ്രവർത്തി നടത്തിവരുന്നവരെ ലൈഫ് മിഷൻ പദ്ധതിയിൽ ഗുണഭോക്താക്കളായി പരിഗണിക്കുകയും തുടർ പ്രവർത്തിക്കായി വൻതുക എസ്റ്റിമേറ്റ് കണക്കാക്കി തുക നൽകുകയും ചെയ്യുന്നതായി കാണുന്നു.

ഏതാനും ഉദാ. താഴെപ്പറയുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | മുൻ ഭവന പദ്ധതി/ അനുവദനീയമായ തുക | മുൻ പദ്ധതിയിൽ നൽകിയ തുക | മുൻ പദ്ധതിയിൽ പൂർത്തീകരിച്ച ഘട്ടം/തീയതി | ലൈഫ് മിഷൻ പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് | ലൈഫ് മിഷനിൽ നൽകിയ തുക |
|---|---|---|---|---|---|---|
| 1 | ശ്രീമതി.വെള്ളച്ചി വെളുക്കൻ, ലക്ഷംവീട് കോളനി, അരമ്പറ്റകുന്ന്, കോട്ടത്തറ | ഐ.എ വൈ 2015-16/ 3,00000/- | 2,80,000/ | മേൽക്കൂര/ 9/04/17 | 3,14,500/- | 1,05,000/- |
| 2 | ശ്രീമതി.നുഞ്ചി കാലറ കോളനി, | ഐ.എ വൈ - | 2,89500/- | മേൽക്കൂര/ 30.08.17 | 2,53,000/- | 2,53,000/- |

| | | | | | | |
|---|---|---|---|---|---|---|
| | കോട്ടത്തറ | 2015-16/ 3,00000/- | | | | |
| 3 | ശ്രീമതി.ജീന തങ്കച്ചൻ,ആലക്കണ്ടി കോളനി, കരിങ്കുറ്റി | ഐ.എ വൈ - 2012-13/ 2,50,000/- | 2,38,550/- | മേൽക്കൂര/ 06.03.17 | 3,50,000/- | 2,84,550/- |
| 4 | ശ്രീമതി.ഭവാനി രവീന്ദ്രൻ,കഴിയിൽ വളപ്പിൽ,ഏട്ടാം നമ്പർ,മേപ്പാടി | ഐ.എ വൈ - 2012-13/ 2,50,000/- | 2,28,500/- | മേൽക്കൂര/ 04.02.16 | 2,89,223/- | 2,10,000/- |

മേൽ അപാകത സംബന്ധിച്ച വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു. ഭവന പൂർത്തീകരണ പദ്ധതികളുടെ ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ട മുഴുവൻ ഗുണഭോക്താക്കളുടെയും രേഖകൾ പരിശോധിച്ച് അനർഹരെ കണ്ടെത്തി അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

സി) ഒരു ഭവനത്തിന്റെ പൂർത്തീകരണത്തിന് രണ്ട് എസ്റ്റിമേറ്റുകൾ തയ്യാറാക്കി-കൂടിയ എസ്റ്റിമേറ്റ് അംഗീകരിച്ചു

ലൈഫ് മിഷൻ വീടുകളുടെ പൂർത്തീകരണം (പട്ടികവർഗ്ഗം) പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ ഫയൽ പരിശോധിച്ചതിൽ ചില ഗുണഭോക്താക്കൾക്ക് വേണ്ടി രണ്ട് വീതം എസ്റ്റിമേറ്റുകൾ തയ്യാറാക്കിയതായി കാണുന്നു.ഇതിൽ കൂടിയ തുകയുടെ എസ്റ്റിമേറ്റാണ് അംഗീകരിച്ച് തുക നൽകിയിട്ടുള്ളത്.ചില ഉദാ. താഴെകൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ഒന്നാമത്തെ എസ്റ്റിമേറ്റ് തുക/ഇനം | രണ്ടാമത്തെ എസ്റ്റിമേറ്റ് തുക/ഇനം | നൽകിയ തുക |
|---|---|---|---|---|
| 1 | ശ്രീമതി.കറുത്ത നാരായണൻ കറുകപ്പുര കോളനി,തൃക്കൈപ്പറ്റ | ₹4,55,738/- (ഭിത്തി മുതൽ പ്രവർത്തികൾ) | ₹6,85,000/- (തറ പ്രവർത്തി തൊട്ട്) | 31.10.18 വരെ ₹6,80,000/- |
| 2 | ശ്രീമതി.കറുമ്പി d/o പോളൻ,വെള്ളക്കെട്ട്, | ₹3,62,326/- | ₹5,93,075/- (തറ | 02/11/18 വരെ |

| | | | | |
|---|---|---|---|---|
| | തുക്കൈപ്പറ്റ | (ഭിത്തി മുതലുള്ള പ്രവർത്തികൾ) | പ്രവർത്തി തൊട്ട്) | ₹6,10,000/- |
| 3 | ശ്രീമതി.വെളിച്ചി കാവലൻ,ആലക്കണ്ടി,കരിങ്കുറ്റി | ₹,185,000/- (തേപ്പ് മുതൽ) | ₹4,00,000/- (സൺഷഡ് മുതൽ) | 21/07/18 വരെ ₹5,04,500/- |
| 4 | ശ്രീമതി.ഗ്രീഷ്മ കല്ലവെട്ടി പറമ്പിൽ, വേങ്ങച്ചോല തുക്കൈപ്പറ്റ | ₹5,49,787/- | ₹5,93,075/- | 02/11/18 വരെ ₹6,10,000/- |

ലൈഫ് മിഷൻ ഭവന പൂർത്തീകരണം പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശ പ്രകാരം (ജി.ഒ(എം.എസ്) നം. 196/2017 /തസ്വഭവ തിയ്യതി 11.10.17 ) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവന പൂർത്തീകരണത്തിന് ടി.പി.ടി.എ-കൾ ഓരോ ഭവനവും സന്ദർശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്.വാർഡ് തല കർമ്മസമിതി ഭവനം സന്ദർശിച്ച് ഭവന പരിശോധന റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്.കൂടാതെ വാർഡ് തല കർമ്മസമിതിയും ടി.പി.ടി.എ-യും കൂടി ചേർന്ന് ഓരോഭവനത്തിനും മൈക്രോപ്ലാൻ തയ്യാറാക്കേണ്ടതാണ്.ഭവന പൂർത്തീകരണത്തിന്റെ എസ്റ്റിമേറ്റുകൾ ഇപ്രകാരമാണ് തയ്യാറാക്കേണ്ടത്.എന്നാൽ മേൽ സർക്കാർ നിർദ്ദേശങ്ങളൊന്നും പാലിച്ചതായി കാണുന്നില്ല. മറിച്ച് ഗുണഭോക്താക്കൾക്ക് രണ്ട് വീതം എസ്റ്റിമേറ്റുകൾ തയ്യാറാക്കി കൂടിയ എസ്റ്റിമേറ്റ് അംഗീകരിച്ച് തുക നൽകിയിട്ടുണ്ട്.ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം.18/17-18 തിയ്യതി 19.11.18 ). മേൽ അപാകത സംബന്ധിച്ച് വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

ഡി) മുൻപ് ചെയ്ത പ്രവർത്തികൾക്ക് തുക വകയിരുത്തുകയും അനുവദിക്കുകയും ചെയ്യുന്നു

ഐ.എ.വൈ ഭവന പദ്ധതിയിൽ പണി പൂർത്തീകരിക്കാത്ത വീടുകൾക്ക് ലൈഫ് മിഷനിൽ ആനുകൂല്യം നൽകുന്നതിനുള്ള എസ്റ്റിമേറ്റിൽ യാതൊരു കാരണവും വ്യക്തമാക്കാതെ മുൻപ് ചെയ്ത പ്രവർത്തികൾക്ക് കൂടി തുക വകയിരുത്തുകയും തുക അനുവദിക്കുകയും ചെയ്യുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെപ്പറയുന്നു.

1)ഗുണഭോക്താക്താവിന്റെ പേര്-ശ്രീമതി. ലീല w/o പൊന്നു,മേപ്പാടി

ഐ.എ വൈ - 2011-12 പദ്ധതിയിൽ 06.02.14 വരെ മേൽ ഗുണഭോക്താവിന് 1,00,000/-രൂപ നൽകിയിട്ടുണ്ട്. ലൈഫ് മിഷനിൽ ഭവന പൂർത്തീകരണത്തിനുള്ള

ലീലയുടെ 23.01.18 ലെ അപേക്ഷയിൽ ഭിത്തി പകുതി വരെ പൂർത്തിയായതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആയതിൻ മേൽ വിഇ.ഒ ,ജോയിന്റ് ബിഡിഒ -എന്നിവർ സാക്ഷ്യപ്പെടുത്തി ലൈഫ് മിഷനിൽ ധനസഹായത്തിന് അർഹതയുണ്ടെന്ന് ശുപാർശ ( 09.03.18) ചെയ്തു . തുടർന്ന് ഭിത്തി പണി പൂർത്തിയാക്കാൻ 1,00,000/- രൂപ നൽകി ( ചെക്ക് നം. 010334 തീയ്യതി 14.03.18) . ആദ്യ ഗഡു നൽകുന്നതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റ് ഫയലിൽ ലഭ്യമല്ല . എന്നാൽ ഭിത്തിയും ബേസ് മെന്റും ബലമില്ലാത്തതിനാൽ പൊളിച്ച് പണിതുവെന്നും ഭിത്തി പണിയാൻ 1,50,000/- രൂപ അനവദിക്കണമെന്നും വി.ഇ.ഒ -യുടെ 31.05.2018 തീയ്യതിയിലെ ശുപാർശ ബിഡിഒ അംഗീകരിച്ച് വീണ്ടും 1,25,000/- അനുവദിച്ചു (ചെക്ക് നം. 014355 തിയ്യതി 07.06.18) . മേൽക്കൂര പ്രവർത്തിക്കായി 1,50,000/-രൂപയും അനുവദിച്ചു. (ചെക്ക് നം.014368 /01.08.18) വീട് പൂർത്തീകരികരണത്തിനുള്ള എസ്റ്റിമേറ്റിൽ തറ പണി തൊട്ടുള്ള പ്രവർത്തികൾക്ക് തുക ഉൾക്കൊള്ളിച്ചിരിക്കുന്നു.( എസ്റ്റിമേറ്റ് ₹5,26,626/- ) .
വീണ്ടും വിടിന്റെ പണി പൂർത്തീകരിക്കാൻ 1,00,000/- രൂപ നൽകി.(ചെക്ക് നം.014956 തിയ്യതി 11.10.18) . ലൈഫ് പദ്ധതി പ്രകാരം ആകെ 4,75,000/- രൂപ നൽകി .

ഒരു പ്രാവശ്യം ഭിത്തി പണി പകുതി തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ടെന്ന് അപേക്ഷകയും ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥരും സാക്ഷ്യപ്പെടുത്തി തുടർ പ്രവർത്തിക്കായി തുക അനുവദിച്ചതിനുശേഷം മൂന്ന് മാസങ്ങൾക്കകം ഭിത്തിയും തറയും ബലമില്ലാത്തതിനാൽ പൊളിച്ചുമാറ്റിയെന്ന് കാണിച്ച് തറമുതലുള്ള പ്രവർത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി തുക അനുവദിച്ചിരിക്കുന്നത് ശരിയായ നടപടിയല്ല.(ആദ്യ ഗഡു നൽകുന്നതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റ് ഫയലിൽ ലഭ്യമല്ല).എന്നാൽ ഇതിനാധാരമായ തൽസ്ഥിതി വിവരം തെളിയിക്കുന്ന രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ വിവരിച്ച അപാകം സംബന്ധിച്ച് വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു. 2017-18 ലെ ചെലവ് തുക 1,00,000/-രൂപ തടസ്സപ്പെടുത്തുന്നു.

2) ഗുണഭോക്താക്താവിന്റെ പേര് – ശ്രീമതി കറുത്ത നാരായണൻ

ഐ.എ.വൈ പദ്ധതി 2013-14 പ്രകാരം ഭവന നിർമ്മാണത്തിന് രണ്ട് ഗഡുക്കളായി ആകെ 1,00,000/-രൂപ അനുവദിച്ചിട്ടുണ്ട്. ലൈഫ് മിഷൻ പദ്ധതിയിൽ ഭവന പൂർത്തീകരണത്തിന് ഗുണഭോക്താവ് 01/02/2018 ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷയിൽ വീടിന്റെ തറ പ്രവർത്തി കോൺക്രീറ്റ് ബെൽറ്റ് വാർത്ത് പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഇക്കാര്യം ശരിയെന്ന് വി.ഇ.ഒ-യും ജോയിന്റ് ബി.ഡി.ഒ-യും യഥാക്രമം 30.01.18-നും 09.02.18 - നും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഭവന നിർമ്മാണ പൂർത്തീകരണത്തിനായി തറ മുതലുള്ള പ്രവർത്തികളുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത് (എസ്റ്റിമേറ്റ് തുക-6,85,000/-). ബ്ലോക്ക്

എൻ.ആർ.ഇ.ജി.എ എൻജിനീയറാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. അപേക്ഷയിൽ തന്നെ വീടിന്റെ തറ കോൺക്രീറ്റ് ബെൽറ്റ് വാർത്ത് പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഗുണഭോക്താവ് വ്യക്തമാക്കിയ സ്ഥിതിക്ക് ബാക്കി പ്രവർത്തിക്ക് തറ നിർമ്മാണ പ്രവർത്തി മുതലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയത് ക്രമവിരുദ്ധമാണ്. ഭവന പൂർത്തീകരണത്തിനായി ഗുണഭോക്താവിന് ലൈഫ് മിഷൻ ഭവന പൂർത്തീകരണ പദ്ധതിയിൽ താഴെപ്പറയും പ്രകാരം ആകെ 5,80,000/-രൂപ നൽകിയിട്ടുണ്ട്.

| ട്രഷറി ബിൽനം/ചെക്ക് നം.-ഉം തീയതിയും | തുക (₹) |
|---|---|
| ട്രഷറി ബിൽ നം-45- – 14.02.18 | 90,000/- |
| FTO – 14.02.18 | 42,000/- |
| 010348 – 08.05.18 | 58,000/- |
| ട്രഷറി ബിൽ നം-11 – 30.05.18 | 1,00,000/- |
| 014364 - – 11.07.18 | 1,00,000/- |
| FTO – 11.07.18 | 10,500/- |
| 014959 – 31.10.18 | 1,79,500/- |
| ആകെ | ₹5,80,000/- |

5,80,000/- രൂപയുടെ ചെലവിനാധാരമായ 5,80,000/- രൂപയുടെ വിശദമായ അളവ് മൂല്യം മേൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ എൻ.ആർ.ഇ.ജി.എ. അസി.എൻജിനീയർ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം തറ പണിമുതലുള്ള ഇനങ്ങൾക്കാണ് അളവ് മൂല്യം അനുവദിച്ചിട്ടുള്ളത്. അംഗീകരിച്ച അളവ് മൂല്യം പ്രകാരം തറ പ്രവർത്തിക്കായി അനുവദിച്ച തുകയുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | തറ പണിയുടെ വിവരം | അളവ് (ക്യൂബിക് മീറ്റർ) | നിരക്ക്(രൂപ/ ക്യൂബിക് മീറ്റർ) | അളവ് മൂല്യം (രൂപ) |
|---|---|---|---|---|
| 1 | മൺപണി | 20.14 | 230.03 | 4,632.80 |
| 2 | ഡി.ആർ | 8.45 | 3,650.43 | 30,846.13 |

| | | | | |
|---|---|---|---|---|
| | മാസൺറി | | | |
| 3 | ആർ.ആർ മാസൺറി | 12.11 | 5,842.39 | 70,751.34 |
| ആകെ | | | | ₹1,06,230/- |

അപേക്ഷക തന്നെ ഐ.എ.വൈ പദ്ധതിയിൽ 1,00,000/-രൂപ കൈപ്പറ്റിയിട്ടുണ്ടെന്നും തറപ്രവർത്തി കോൺക്രീറ്റ് ബെൽറ്റ് വാർത്ത് പൂർത്തീകരിച്ചിട്ടുണ്ടെന്നും സാക്ഷ്യപ്പെടുത്തിയ സ്ഥിതിക്ക് ലൈഫ് പദ്ധതിയിൽ തറപ്രവർത്തിക്ക് കൂടി പണം അനുവദിച്ചത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഐ.എ.വൈ പദ്ധതി പ്രകാരം പൂർത്തീകരിച്ച തറ പ്രവർത്തിക്ക് വീണ്ടും ലൈഫ് മിഷൻ പദ്ധതിയിൽ തുക അനുവദിച്ചതു മൂലം ബ്ലോക്ക് പഞ്ചായത്തിനുണ്ടായ നഷ്ടം 1,06,230/-രൂപ വസ്തുതാ വിരുദ്ധമായ എസ്റ്റിമേറ്റും തെറ്റായ അളവ് മൂല്യവും തയ്യാറാക്കിയ എൻ.ആർ.ഇ.ജി.എ അസി.എൻജിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

ഇ) ഒ.ഡി.എഫ് -ൽ ശൗചിമുറി അനുവദിച്ചവർക്ക് ലൈഫ് മിഷനിലും ശൗചിമുറിക്ക് തുക അനുവദിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന വിവിധ ഗ്രാമ പഞ്ചായത്തുകളിൽ ഒ.ഡി.എഫ് -പദ്ധതി പ്രകാരം ശൗചിമുറിക്ക് തുക അനുവദിച്ചവരുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയില്ല (ഓഡിറ്റ് എൻക്വയറി.നം. 3/ 2017-18/ 13.11.2018 ). കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ ലൈഫ് മിഷൻ ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ട കോട്ടത്തറ ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് കോട്ടത്തറ ഗ്രാമപഞ്ചായത്തിൽ നിന്നും ( 2017-18 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ ഒ.ഡി.എഫ് ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം) ഒ.ഡി.എഫ് പദ്ധതിയിൽ ശൗചിമുറിക്ക് തുക അനുവദിച്ചിട്ടുണ്ട്. ശൗചിമുറിക്ക് രണ്ട് പ്രാവശ്യം സർക്കാർ ധനസഹായം അനുവദിക്കുന്നത് ഒഴിവാക്കുന്നതിനായി പ്രസ്തുത ഗുണഭോക്താക്കൾക്ക് ലൈഫ് മിഷൻ ഭവന പൂർത്തീകരണ പദ്ധതികളിലും ശൗചിമുറിക്ക് എസ്റ്റിമേറ്റിൽ തുക വകയിരുത്തി നൽകിയിട്ടുണ്ടോയെന്ന് പരിശോധിച്ച് വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം | ലൈഫ് മിഷൻ ഗുണഭോക്താവിന്റെ പേര്(കോട്ടത്തറ ഗ്രാമ പഞ്ചായത്ത്) | കോട്ടത്തറ ഗ്രാമപഞ്ചായത്തിൽ നിന്നും ഒ.ഡി.എഫ് -ൽ തുക അനുവദിച്ചതിന്റെ വിശദാംശം- |
|---|---|---|
| 1 | ശ്രീമതി.നിർമ്മലബാലൻ, കൊളക്കിമൊട്ടം കുന്ന്,(വാർഡ് -1) | ചെക്ക് നം.115057 തിയ്യതി 16.12.16-15,400/-(ജലനിധി |

| | | |
|---|---|---|
| | | മുഖേന) |
| 2 | ശ്രീമതി.ലളിത അണ്ണൻ,മരവയൽ (വാർഡ് -1) | ചെക്ക് നം.114945 തിയ്യതി 01.11.16- 15,400/-(ജലനിധി മുഖേന) |
| 3 | ശ്രീമതി.കുരി നീരുർകുന്ന് കോളനി (വാർഡ് -11) | ചെക്ക് നം.114905 തിയ്യതി 31.10.16- 15,400/-(ജലനിധി മുഖേന) |
| 4 | ശ്രീമതി.കുങ്കി നീരുർകുന്ന് കോളനി (വാർഡ് -11) | ചെക്ക് നം.114905 തിയ്യതി 31.10.16- 15,400/-(ജലനിധി മുഖേന) |

മേൽപ്പറഞ്ഞ രീതിയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന മറ്റ് ഗ്രാമ പഞ്ചായത്തുകളിലെ ഒ.ഡി.എഫ് -ൽ ശുചിമുറിക്ക് തുക ലഭിച്ച ഗുണഭോക്താക്കൾക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ ലൈഫ് മിഷൻ ഭവന പൂർത്തീകരണം പദ്ധതികളിലും ശുചി മുറിക്ക് തുക അനുവദിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് അറിയിക്കേണ്ടതാണ്.

എഫ് ) <u>പുതിയ കോൺക്രീറ്റ് മേൽക്കൂരയ്ക്ക് മുകളിലും ജി.ഐ ഷീറ്റ് വിരിക്കുന്നതിന് തുക അനുവദിച്ചു-സർക്കാറിന് അധിക ചെലവ്</u>

ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള വീട് നിർമ്മാണ പ്രവർത്തിയിൽ കോൺക്രീറ്റ് മേൽക്കൂരയ്ക്ക് പുറമെ , മേൽക്കൂരക്ക് മുകളിൽ വീണ്ടും ട്രസ്സ് വർക്ക് ചെയ്ത് ഗാൽവനൈസ്ഡ് അയൺ പ്ലെയിൻ ഷീറ്റ് വിരിക്കുന്ന ഇനം പ്രവൃത്തി കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ചെയ്തതിട്ടുണ്ട്. പുതുതായി നിർമ്മിക്കുന്ന കോൺക്രീറ്റ് മേൽക്കൂരയ്ക്ക് ചോർച്ച ഉണ്ടാകാൻ സാധ്യത മുൻകൂട്ടി കണ്ടുകൊണ്ടാണ് എസ്റ്റിമേറ്റിൽ റൂഫിംഗ് പ്രവർത്തി കൂടി ഉൾപ്പെടുത്തി പണം അനുവദിച്ചിട്ടുള്ളത്. ലൈഫ് മിഷനിൽ നിലവിലെ പൊതു മരാമത്ത് നിരക്കുകൾ നൽകിയാണ് കോൺക്രീറ്റ് മേൽക്കൂരയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഇതിനോടൊപ്പം തന്നെ എസ്റ്റിമേറ്റിൽ ജി.ഐ റൂഫിംഗ് പ്രവർത്തി അനുവദിക്കുന്നത് അംഗീകരിക്കാൻ സാധിക്കുകയില്ല. ഇത്തരം പ്രവർത്തികൾ അനാവശ്യ അധിക ചെലവിന് കാരണമാകുന്നു.ചുവടെ ചേർത്തിരിക്കുന്ന ലൈഫ് മിഷൻ ഭവന പൂർത്തീകരണ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം ഇപ്രകാരം ചെയ്തിട്ടുണ്ട്. ആയതിനാൽ സർക്കാറിന് അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശം താഴെപ്പറയുന്നു.

| ക്രമ നം | ഗുണഭോക്താ വിന്റെ പേര് | എസ്റ്റിമേറ്റ് തുക | ഷീറ്റ് റൂഫിംഗിന് വകയിരുത്തിയ | ആകെ നൽകിയ തുക | ചെക്ക്/ബിൽ നം /തീയതി /തുക |
|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | തുക | | | |
| 1 | ശ്രീമതി.നുഞ്ചി<br>കാലറ കോളനി,<br>കോട്ടത്തറ | ₹2,53,000/- | ₹40,000/- | ₹2,53,000/- | 49/17-18<br>26.02.2018 | 40,000/- |
| | | | | | 14365<br>06.07.18 | 1,00,000/- |
| | | | | | FTO<br>78767<br>09/2018 | 10,500/- |
| | | | | | 014375<br>09/2018 | 22,500/- |
| | | | | | 014954<br>06/09/2018 | 80,000 |
| 2 | ശ്രീമതി.അമ്മിണി<br>ചെറിയ കയ്മ,<br>തുപ്പരിമല<br>കോളനി,<br>കോട്ടത്തറ | ₹6,94,465/- | ₹30,000/- | ₹6,00,000/- | 51/17-18<br>23/02/2018 | 70,000/ |
| | | | | | 010336<br>21/03/2018 | 1,25,000/- |
| | | | | | 010350<br>17/05/2018 | 1,00,000/- |
| | | | | | FTO<br>17/05/2018 | 8,500/- |
| | | | | | 014955<br>03/10/2018 | 2,96,500/- |

| | | | | | | |
|---|---|---|---|---|---|---|
| | | | ₹70,000/- | | | |

മേൽ വിവരിച്ച ഗുണഭോക്താക്കളുടെ വീടിന്റെ കോൺക്രീറ്റ് റൂഫിംഗിന് മുകളിൽ ജി.ഐ ഷീറ്റ് റൂഫിംഗ് പ്രവർത്തിക്കായി ആകെ 70,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. കോൺക്രീറ്റ് റൂഫിംഗിന് മുകളിൽ ജി.ഐ. ഷീറ്റ് മേയുന്നതിന് പ്രത്യേകം സാങ്കേതിക അനുമതി ലഭിച്ചതായി കാണുന്നില്ല. ആയതിനാൽ 70,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് വിശദമായ അന്വേഷണത്തിന് ശുപാർശചെയ്യുന്നു.

## 3-2 സർക്കാർ നിർദ്ദേശം പാലിക്കാതെ വാങ്ങലുകൾ നടത്തി.

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, കൽപ്പറ്റ.

സ.ഉ.(പി).524/15/ധനം തിയ്യതി 17.11.15 പ്രകാരം അഞ്ച് ലക്ഷം രൂപ മുതൽ അടങ്കൽ തുക വകയിരുത്തിയ പദ്ധതികളിലെ വാങ്ങലുകൾ ഇ-ടെണ്ടർ മുഖേന മാത്രമേ നടപ്പാക്കാവൂ. എന്നാൽ ഇത് പാലിക്കാതെ പദ്ധതി നടപ്പാക്കി. 5,00,000/- രൂപയ്ക്ക് മുകളിൽ അടങ്കൽ രേഖപ്പെടുത്തിയ ചുവടെ പറയുന്ന പ്രോജക്ടുകളിൽ താലൂക്ക് ഹെഡ് ക്വാട്ടേഴ്സ് ആശുപത്രി മെഡിക്കൽ ഓഫീസർ ഇ-ടെണ്ടർ നടപടി സ്വീകരിച്ചിട്ടില്ല.

| ക്രമ. നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | ബിൽനം/ തിയ്യതി |
|---|---|---|---|---|---|
| 1 | 17/18 | വൈത്തിരി താലൂക്ക് ഹെഡ് ക്വാട്ടേഴ്സ് ഹോസ്പിറ്റലിലേക്കും സി.എച്ച്.സി കളിലേക്കും ഓക്സിജൻ കോൺസെൻട്രേറ്റർ വാങ്ങൽ | ₹5,00,000 | ₹4,92,688 | 1/17-18 /23.3.18 |
| 2 | 18/18 | വൈത്തിരി താലൂക്ക് ഹെഡ് ക്വാട്ടേഴ്സ് ഹോസ്പിറ്റൽ ഡയാലിസിസ് യൂണിറ്റ് ശക്തിപ്പെടുത്തൽ | ₹7,00,000 | ₹6,98,705 | 9/17-18/ 23.3.18 |
| 3 | 33/18 | വയോജനങ്ങൾക്ക് ശ്രവണ സഹായി | ₹5,81,500 | ₹4,79,700 | 14/17-18/ 23.3.18 |
| 4 | 34/18 | ശാരീരിക മാനസിക വെല്ലുവിളികൾ | ₹5,54,519 | ₹5,39,696 | 16/17-18/ 23.3.18 |

| | | | | | |
|---|---|---|---|---|---|
| | | നേരിടുന്നവർക്ക് കൃത്രിമ ഉപകരണങ്ങൾ | | | |
| | | | ആകെ | ₹22,10,789 | |

ഇതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/17-18/19.11.18) മറുപടി ലഭ്യമാക്കിയിട്ടില്ല. മാർച്ച് മാസാവസാനം പദ്ധതി അടിയന്തിരമായി നടപ്പാക്കേണ്ടുന്ന അവസ്ഥയുണ്ടായതിനാലാണ് ഇ-ടെണ്ടർ നടപ്പാക്കാതിരുന്നത് എന്ന് എക്സിറ്റ് മീറ്റിംഗിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിക്കാതെ വാങ്ങലുകൾ നടത്തിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഇക്കാര്യം തുടർ നടപടികൾക്കായി ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. മേൽ പദ്ധതിക്കായി ചെലവഴിച്ച തുക 22,10,789/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-3 ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ കമ്പ്യൂട്ടറുകൾ ഫോർമാറ്റ് ചെയ്ത് പുതിയതായി ഇൻസ്റ്റാൾ ചെയ്തത് വ്യാജ പകർപ്പ്

| | |
|---|---|
| വൗച്ചർ നം/തീയതി | 352/17-18/3/3/18 |
| തുക | ₹11,350/- |
| സ്രോതസ്സ് | ജനറൽ പർപ്പസ് ഗ്രാന്റ് |
| നിർവ്വഹണം | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | 6/01/18 തീയതി 23/01/2018 |

- ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ 12 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകളും ഒരു ലാപ്ടോപ്പ് കമ്പ്യൂട്ടറും ഉൾപ്പടെ 13 കമ്പ്യൂട്ടറുകൾ ഫോർമാറ്റ് ചെയ്ത് പുതിയ ഓപ്പറേറ്റിംഗ് സിസ്റ്റവും ആന്റിവൈറസ് സോഫ്റ്റ് വെയറുകളും സ്ഥാപിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും ലഭിച്ച ക്വട്ടേഷനുകളിൽ നിന്നും ഇ – സ്പോട്ട്, പടിഞ്ഞാറത്തറ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തു. ആന്റിവൈറസ് ഒന്നിന് 550/ രൂപ നിരക്കിൽ 13 കമ്പ്യൂട്ടറുകളിൽ സ്ഥാപിക്കുന്നതിന് 7,150/- രൂപയും ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ ഫോർമാറ്റ് ചെയ്ത് വിൻഡോസ് ഇൻസ്റ്റാൾ ചെയ്യുന്നതിന് 350/- രൂപ നിരക്കിൽ 12 എണ്ണത്തിൽ 4,200/- രൂപയുമടക്കം ആകെ 11,350/-രൂപ മേൽ സ്ഥാപനത്തിന് നൽകുകയും ചെയ്തു.

സർക്കാർ ഓഫീസുകളിൽ സ്ഥാപിക്കുന്ന കമ്പ്യൂട്ടറുകളിൽ ലൈസൻസ് ഉള്ള ഓപ്പറേറ്റിംഗ് സിസ്റ്റം മാത്രമേ ഉപയോഗിക്കാവൂ എന്ന് സർക്കാർ നിർദ്ദേശം ഉണ്ട്. എന്നാൽ കൽപ്പറ്റ ബ്ലോക്ക്പഞ്ചായത്ത് ഓഫീസിൽ നിലവിൽ ഫോർമാറ്റ് ചെയ്തതിന് ശേഷം വ്യാജ പകർപ്പ് (pirated version) ആണ് ഉപയോഗിച്ചിരിക്കുന്നത്. ഇത് സർക്കാർ ഉത്തരവിന് വിരുദ്ധമായ നടപടിയാണ്. കമ്പ്യൂട്ടർ ഫോർമാറ്റ് ചെയ്യുന്നതിന് മുൻപ് ഇൻസ്റ്റാൾ ചെയ്തിരുന്ന ലൈസൻസ് ഉള്ള ഓപ്പറേറ്റിംഗ് സിസ്റ്റം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. കൂടാതെ സർക്കാർ നിർദ്ദേശം പരമാവധി സ്വതന്ത്ര സോഫ്റ്റ് വെയർ ഉപയോഗിക്കണം എന്നാണ് (ലിനക്സ് ബേസ്ഡ്). കൂടാതെ വ്യാജ പകർപ്പ് ഉപയോഗിച്ച കമ്പ്യൂട്ടറുകളിൽ ലൈസൻസ് വേർഷൻ ഇൻസ്റ്റാൾ ചെയ്യുന്നതിന് അധിക ചെലവ് വരുന്നതുമാണ്. കമ്പ്യൂട്ടറിൽ നിലവിലുണ്ടായിരുന്ന ഓപ്പറേറ്റിംഗ് സിസ്റ്റം മാറ്റി പുതിയത് ഇൻസ്റ്റാൾ ചെയ്തതിന് സ്ഥാപനം നൽകിയ ബില്ലിൽ , ഓരോ കമ്പ്യൂട്ടറിലും ലൈസൻസുള്ള വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിന്റെ “പ്രോഡക്റ്റ് കീ” രേഖപ്പെടുത്തിയിട്ടില്ല. ഓപ്പറേറ്റിംഗ്

സിസ്റ്റത്തിന്റെ കോംപാക്ട് ഡിസ്ക്/ സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ടും ആയത് ഹാജരാക്കിയിട്ടില്ല. സർക്കാർ ഓഫീസുകളിലെ കമ്പ്യൂട്ടറുകളിൽ ലൈസൻസുള്ള ഓപ്പറേറ്റിംഗ് സിസ്റ്റം മാത്രമേ സ്ഥാപിക്കാൻ പാടുള്ളൂ എന്ന കർശന നിർദ്ദേശം ഉള്ളപ്പോഴും സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിന്റെ വ്യാജപ്പകർപ്പ് ഇൻസ്റ്റാൾ ചെയ്തത് ക്രമവിരുദ്ധമാണ്. മേൽ അപാകങ്ങൾക്ക് വിശദീകരണം ആരാഞ്ഞതിൽ (ഓഡിറ്റ് എൻക്വയറി നം. 8/15/11/18) ഫയലുകൾ പരിശോധിക്കുന്നതിന് കൂടുതൽ സമയം ആവശ്യമാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. ഈ മറുപടി തൃപ്തികരമല്ല. മേൽ സാഹചര്യത്തിൽ ഓപ്പറേറ്റിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിന് ചെലവഴിച്ച 4,200 രൂപ നിരാകരിക്കുന്നു. മേൽ തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. വ്യാജ പകർപ്പ് ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 3-4 സർക്കാർ അനുമതിയോ ഉത്തരവുകളോ ഇല്ലാതെ ദിവസവേതനത്തിന് ആളുകളെ നിയമിച്ച് ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും വേതനം നൽകുന്നു.

കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരം താഴെപ്പറയുന്ന ആളുകളെ ദിവസ വേതനത്തിന് നിയമിക്കുകയും ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും തുക നൽകുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം | പേര് | തസ്തിക | ബിൽ നം | തീയതി | തുക (₹) |
|---|---|---|---|---|---|
| 1 | സുനീറ.എ | ഡാറ്റാ എൻട്രി ഓപ്പറേറ്റർ, പ്ലാൻ | 62/17-18 | 5.5.17 | 12,150 |
| | | | 95/17-18 | 2.6.17 | 17,750 |
| | | | 128/17-18 | 5.7.17 | 15,620 |
| | | | 152/17-18 | 4.8.17 | 17,750 |
| | | | 186/17-18 | 30.8.17 | 16,330 |

| | | | | | |
|---|---|---|---|---|---|
| | | | 210/17-18 | 4.10.17 | 10,650 |
| | | | 253/17-18 | 4.11.17 | 15,620 |
| | | | 276/17-18 | 1.12.17 | 17,040 |
| | | | 351/17-18 | 3.3.18 | 11,360 |
| 2 | സുഭാഷ്.എ | ഡ്രൈവർ | 14/17-18 | 10.4.17 | 17,550 |
| | | | 44/17-18 | 3.5.17 | 14,300 |
| | | | 93/17-18 | 2.6.17 | 15,755 |
| | | | 121/17-18 | 5.7.17 | 17,895 |
| | | | 150/17-18 | 4.8.17 | 18,495 |
| | | | 192/17-18 | 30.8.17 | 18,450 |
| | | | 213/17-18 | 4.10.17 | 14,385 |
| | | | 261/17-18 | 4.11.17 | 17,125 |
| | | | 276/17-18 | 1.12.17 | 15,070 |
| | | | 296/17-18 | 8.1.18 | 12,330 |
| | | | 316/17-18 | 2.2.18 | 6,165 |

| | | | | | |
|---|---|---|---|---|---|
| | | | 351/17-18 | 3.3.18 | 11,645 |
| 3 | ഷിഹാബുദ്ദീൻ.യു.എ | ഡാറ്റാ എൻട്രി ഓപ്പറേറ്റർ,ഐ.എ.വൈ | 3/17-18 | 4.4.17 | 17,213 |
| | | | 42/17-18 | 3.5.17 | 16,538 |
| | | | 96/17-18 | 2.6.17 | 19,708 |
| | | | 122/17-18 | 5.7.17 | 17,750 |
| | | | 151/17-18 | 4.8.17 | 17,750 |
| | | | 191/17-18 | 30.8.17 | 16,685 |
| | | | 211/17-18 | 4.10.17 | 16,330 |
| | | | 258/17-18 | 4.11.17 | 17,395 |
| | | ക്ലർക്ക് | 276/17-18 | 1.12.17 | 5,325 |
| | | | 296/17-18 | 8.1.18 | 3,550 |
| | | | 316/17-18 | 2.2.18 | 16,685 |
| | | | 351/17-18 | 3.3.18 | 18,460 |
| 4 | ഷാൻ.വി.എസ് | ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ഐ.ഡബ്ല്യൂ.എം.പി | 47/2017-18 | 30.05.17 | 13,837 |
| | | | 101/17-18 | 7.06.17 | 17,757 |

| | | | |
|---|---|---|---|
| | 123/17-18 | 5.7.17 | 16,685 |
| | 154/17-18 | 5.8.17 | 17,750 |
| | 182/17-18 | 25.8.17 | 14,910 |
| | 215/17-18 | 4.10.17 | 12,070 |
| | 241/17-18 | 03.11.17 | 9,940 |
| | 314/17-18 | 01.02.18 | 2,800 |
| | ആകെ | | ₹6,02,573 |

ദിവസ വേതനത്തിന് ബ്ലോക്ക് പഞ്ചായത്തിൽ ആളുകളെ നിയമിച്ചതിൽ താഴെപ്പറയുന്ന പ്രകാരം അപാകങ്ങൾ കാണുന്നു.

1. നിലവിലുള്ള തസ്തികകളിലെ ഒഴിവുകളിലേക്കല്ല ദിവസ വേതന നിയമനം നടത്തിയിട്ടുള്ളത്.

2. ദിവസ വേതനത്തിന് ആളെ നിയമിക്കുന്നതിന് വേണ്ടി എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിനെ സമീപിച്ചിട്ടില്ല.

3.ഡാറ്റ എൻട്രി ഓപ്പറേറ്റർ, ക്ലാർക്ക്, ഡ്രൈവർ തസ്തികകളിൽ ദിവസ വേതനത്തിന് നിയമനം നടത്താൻ സർക്കാർ അനുമതിയോ വകുപ്പ് തലവൻെറ ഉത്തരവുകളോ ലഭിച്ചിതായി കാണുന്നില്ല.

4. ദിവസ വേതനത്തിന് ആളുകളെ നിയമിക്കുമ്പോൾ ആവശ്യമായ പരസ്യങ്ങൾ നൽകുകയോ, അഭിമുഖം നടത്തുകയോ ചെയ്തതായി കാണുന്നില്ല.

5.ഐ.ഡബ്ല്യു.എം.പി പദ്ധതി പ്രകാരം ഡാറ്റാ എൻട്രി ഓപ്പറേറ്ററെ നിയമിക്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് ( ഓഡിറ്റ് എൻക്വയറി നം 5 തീയതി 15/11/2018, ഓഡിറ്റ് എൻക്വയറി നം 9 തീയതി 16/11/18) എന്നിവയ്ക്ക് തൃപ്തികരമായ മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ ആകെ ചെലവഴിച്ച 6,02,573 രൂപ തടസ്സപ്പെടുത്തുന്നു.

## 3-5 സമഗ്ര നീർത്തട വികസനത പദ്ധതി നടപ്പാക്കൽ - രേഖകൾ ഹാജരാക്കിയില്ല

കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സമഗ്ര നീർത്തട വികസനത പദ്ധതി. (ഇൻറഗ്രേറ്റഡ്

വാട്ടർഷെഡ് മാനേജ്മെന്റ് പ്രോജക്ട് [IWMP]) വിശദമായ ഡി.പി.ആർ സന്നദ്ധ സംഘടനായായ ആർഷഭാരത് തായ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ 24 നീർത്തട വികസന പദ്ധതി തയ്യാറാക്കി നടപ്പാക്കുകയാണ് ചെയ്തത്. പദ്ധതി പ്രകാരം തൻവർഷം 1,42,500/- രൂപ വരവുണ്ട്. ചെലവ് സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല. 2017-18 വർഷം പദ്ധതി പൂർത്തീകരിച്ചതായി സെക്രട്ടറി നേരിൽ അറിയിച്ചിട്ടുണ്ട്.

ഐ.ഡബ്ല്യു.എം.പി. പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന വിവരങ്ങളും രേഖകളും ലഭ്യമാക്കേണ്ടതാണ്.

1.പദ്ധതി ആരംഭിച്ചത് മുതൽ പൂർത്തീകരിച്ചത് വരെയുള്ള വരവ് ചെലവ് കണക്കുകൾ

2. പദ്ധതി ഡി.പി.ആർ , ഡി.പി.ആർ .തയ്യാറാക്കുന്നതിന്റെ ചെലവ് സംബന്ധിച്ച രേഖകൾ

3.പാസ്. ബുക്കുകൾ

4. സ്കീം പ്രകാരം തയ്യാറാക്കിയ പദ്ധതികൾ സംബന്ധിച്ച രേഖകൾ .വിവധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച രേഖകൾ.

5.മറ്റ് അനുബന്ധ രേഖകൾ

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 14 തീയതി 16/11/18) മറുപടി ലഭ്യമാക്കാൻ അധിക സമയം ആവശ്യപ്പെട്ടിട്ടുണ്ട്.

## 3-6 അംബേദ്കർകുന്ന് പട്ടികജാതി കോളനി കുടിവെള്ളപദ്ധതി - ലക്ഷ്യം കൈവരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അംബേദ്കർകുന്ന് പട്ടികജാതി കോളനി കുടിവെള്ള പദ്ധതി |
| പ്രോജക്ട് നം. | 184/18 |
| അടങ്കൽ | ₹4,00,000/- (വികസനഫണ്ട്) |
| | ₹44,000/- ഗുണഭോക്തൃവിഹിതം (നേരിട്ട്) |
| ആകെ | ₹4,40,000/- രൂപ |
| ബിൽ നം/തീയതി | 51/17-18/24/3/2018 തുക 1,26,773/- രൂപ |
| നിർവ്വഹണം | അസി.എക്സി.എഞ്ചിനീയർ |

2014-15 വർഷത്തിൽ ആരംഭിച്ച കുടിവെള്ളപദ്ധതിക്ക് തൻവർഷം ₹1,26,773/-അസി. എഞ്ചിനീയറുടെ എസ്റ്റിമേറ്റ് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ തുക പിൻവലിച്ച് വൈദ്യുതീകരണ പ്രവൃത്തിക്കായി കെ.എസ്.ഇ.ബി. മേപ്പാടി സെക്ഷൻ അസി.എഞ്ചിനീയറുടെ ഓഫീസിൽ അടച്ചിട്ടുണ്ട്. വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ പദ്ധതി ലക്ഷ്യം കണ്ടിട്ടില്ല. പ്രവൃത്തി പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. 12 തീയതി 16/11/18 നൽകിയതിന്

മറുപടി ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല കേരള പഞ്ചായത്ത് രാജ് നിയമം 172 ാം വകുപ്പ് നാലാം പട്ടിക പ്രകാരം കുടിവെള്ള പദ്ധതി നടപ്പാക്കുന്നത് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപെടുന്ന പ്രവൃത്തിയല്ല. 2014-15 ൽ ആരംഭിച്ച പദ്ധതി നാളിതുവരെ പൂർത്തീകരിക്കാൻ സാധിക്കാത്തത് വീഴ്ചയായി കാണുന്നു. പദ്ധതി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-7 <u>മൾട്ടി സെക്ടറൽ ഡവലപ്മെന്റ് പ്രോഗ്രാം - സൈക്കിൾ വിതരണം - രേഖകൾ ഇല്ലാതെ തുക ചെലവഴിച്ചു</u>

നിർവ്വഹണം - സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, കൽപ്പറ്റ.

കേന്ദ്രാവിഷ്കൃത പദ്ധതിയായ മൾട്ടി സെക്ടർ ഡവലപ്മെന്റ് പ്രോഗ്രാം (എം.എസ്.ഡി.പി.) ബ്ലോക്ക്/ജില്ലാ/സംസ്ഥാന തലത്തിലുള്ള സമിതികൾ തയ്യാറാക്കുന്ന പ്രോജക്ടുകളുടെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ബ്ലോക്ക്പഞ്ചായത്ത് പ്രസിഡണ്ട് അദ്ധ്യക്ഷനായി സമിതിക്ക് ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് പ്രപ്പോസലുകൾ തയ്യാറാക്കി ജില്ലാ വികസനസമിതിക്ക് സമർപ്പിക്കുകയും ജില്ലാ വികസന സമിതി ആയത് പരിശോധിച്ച് അനുയോജ്യമായ പ്രപ്പോസലുകൾ സംസ്ഥാനസമിതിക്ക് സമർപ്പിക്കുയും സംസ്ഥാന സമിതി ഭരണാനുമതി നൽകുകയും ചെയ്യുന്നു. ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമത്തിനായാണ് പദ്ധതികൾ തയ്യാറാക്കുന്നത്. പദ്ധതികൾ നടപ്പാക്കുന്നത് ജില്ലാ തലത്തിലും ബ്ലോക്ക് തലത്തിലുമാണ്. ബ്ലോക്ക് തലത്തിൽ തയ്യാറാക്കി നടപ്പാക്കിയ പദ്ധതിയാണ് ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് സൈക്കിൾ വിതരണം എന്ന പദ്ധതി. ഇതിനായി ആകെ 98,750/- രൂപ ചെലവഴിച്ചിട്ടുണ്ട്. (വൗച്ചർ നമ്പർ - 118/17-18 തീയതി 29.06.2017 )

മേൽ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 9-)ം ക്ലാസ്സിൽ പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗത്തിൽ പെൺകുട്ടികൾക്ക് സൈക്കിൾ വിതരണം നടത്തുന്നതിന്റെ ഭാഗമായി 25 വിദ്യാർത്ഥിനികൾക്ക് ലേഡിബേർഡ് ഷൈൻ മോഡൽ സൈക്കിൾ നേരിട്ട് വാങ്ങിയതിന്റെ ബില്ലുകളുടെ അടിസ്ഥാനത്തിൽ ഒരു വിദ്യാർത്ഥിനിക്ക് 3,950/- രൂപ തോതിൽ 98,750/- രൂപ കേരള ഗ്രാമീൺബാങ്ക് കൽപ്പറ്റ ശാഖയിലെ 8430-)ം നമ്പർ അക്കൗണ്ടിൽ നിന്നും വിദ്യാർത്ഥിനികളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.പദ്ധതി സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ താഴെ വിവരിച്ച അപാകം ശ്രദ്ധയിൽപ്പെട്ടു.

പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തക്കളായ വിദ്യാർത്ഥിനികളുടെ ലിസ്റ്റ് വൗച്ചറിനോടൊപ്പമോ തുക അനുവദിച്ച് നൽകി ഉത്തരവിലോ ഉൾപ്പെടുത്താത്തതിനാൽ ഏതെല്ലാം വിദ്യാർത്ഥിനികൾക്കാണ് തുക നൽകിയത് എന്ന് വ്യക്തമല്ല.

മുഴുവൻ വിദ്യാർത്ഥിനികളും സൈക്കിൾ വാങ്ങിയതിന്റെ രേഖകളായി സമർപ്പിച്ച ബില്ലുകളും സൈക്കിൾ ലഭിച്ചവർ 9-ാം ക്ലാസിലെ വിദ്യാർഥിനികളാണെന്ന സ്കൂൾ അധികൃതരുടെ സാക്ഷ്യപത്രം, ആധാർ കാർഡിന്റെ പകർപ്പ് തുടങ്ങിയ രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകങ്ങൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം 10തീയതി 16/11/18) തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ഫയൽ പരിശോധിക്കേണ്ടതിനാൽ കൂടുതൽ സമയം ആവശ്യമാണെന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. 2017-18 സമ്പത്തിക വർഷത്തിൽ മേൽ വൗച്ചറുകൾ പ്രകാരം തുക നൽകിയ മുഴുവൻ വിദ്യാർത്ഥിനികളും സമർപ്പിച്ച കാഷ് ബില്ലുകളും, സ്കൂളുകളിൽ നിന്ന് നൽകിയ സാക്ഷ്യപത്രം, ആധാർ കാർഡ് തുടങ്ങിയ എല്ലാ രേഖകളും സഹിതം ഫയൽ ഹാജരക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ , 1997ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങൾ ചട്ടം 12(2) ന് വിധേയമായി ചെലവ് തുക 98,750 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കത്തപക്ഷം ഈ തുക ഉത്തരവദികളിൽ നിന്നും ഈടാക്കുന്നതിനായി നിരാകരിക്കുന്നതായിരിക്കും.

## 3-8 രേഖകൾ ഇല്ലാതെ തുക ചെലവഴിച്ചത്

താഴെപ്പറയുന്ന വൗച്ചറുകൾ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ചെലവ് വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | ബിൽ നം തീയതി | ഇനം | തുക കൈപ്പറ്റിയ ആളുടെ പേര് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 376/17-18 /27/3/18 | കേരളോത്സവം | ജി.ബിജു, ജി.ഇ.ഒ | ₹35,000 | |
| 2 | 349/17-18/3/3/18 | കില ട്രയിനിംഗ് | | ₹25,000 | |
| 3 | 94/17-189/2/6/17 | കില ട്രയിനിംഗ് | | ₹18,159 | |
| ആകെ | | | | ₹78,159 | |

ബ്ലോക്ക് പഞ്ചായത്ത് കേരളോത്സവം നടത്തുന്നതിനും കില ട്രെയിനിംഗിനുമായി ബ്ലോക്ക് പഞ്ചായത്ത് ജനറൽ എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.ജി.ബിജു എന്നയാൾക്ക് മേൽ വിവരിച്ച പ്രകാരം 78,159 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ചെലവിനാധാരമായ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിയമാനുസൃത കാലയളവിനുള്ളിൽ ചെലവ് വൗച്ചറുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചതായും കാണുന്നില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം 6 തീയതി 15/11/18) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് ( പരിശോധനാരീതിയും ഓഡിറ്റ് സംവിധാനങ്ങളും) ചട്ടങ്ങൾ 12 (1),(2) എന്നിവ പ്രകാരം രേഖകൾ ഇല്ല എന്ന് കണക്കാക്കി ചെലവ് തുക തത്കാലം തടസ്സത്തിൽ വെയ്ക്കുന്നു. രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്ത പക്ഷം മേൽ തുക, നിരാകരിക്കുന്നതായിരിക്കും.

## 3-9 കരിങ്കണ്ണിക്കുന്ന് മന്ത്രഞ്ചോല റോഡ് - കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ പരിഗണിക്കാതെ കരാർ നൽകിയതിനാൽ അധിക ചെലവ് 13,463 രൂപ.

| | |
|---|---|
| പ്രോജക്ട് നം. | 146/18 |
| പ്രോജക്ട് | കരിങ്കണ്ണിക്കുന്ന് മന്ത്രഞ്ചോല റോഡ് |
| അടങ്കൽ | ₹5,00,000/- വികസനഫണ്ട് |
| നിർവ്വഹണം | അസി.എക്സി എഞ്ചിനീയർ |
| കോൺട്രാക്ടർ | ശ്രീ. സുനിൽകുമാർ |
| ബിൽ നം./തീയതി | 2/17-18/17-7-17 ₹4,29,534/- |
| കരാർ നം. | AEE/LSGD/34/2015-16 dt 7/6/16 |
| എം.ബുക്ക് നം. | 10/16-17 |
| ആദായനികുതി | ₹4,295/- |
| വാറ്റ് | ₹17,181/- |
| KCWWF | ₹4,295/- |
| കരാറുകാരന് നൽകിയ തുക | ₹4,03,763/- |

കരിങ്കണ്ണിക്കുന്ന് മന്ത്രഞ്ചോല റോഡ് സോളിംഗ് പ്രവൃത്തിയാണ് പദ്ധതി നിർവ്വഹണം വഴി ലക്ഷ്യമിടുന്നത്. പദ്ധതിക്കായി ഇ- ടെണ്ടർ നടത്തുകയും ചെയ്തു. ലഭിച്ച 4 ടെണ്ടറുകളിൽ ഏറ്റവും കുറവ് നിരക്ക് ശ്രീ. പ്രവീൺ. കെ.പി, പി.ഡബ്ല്യു.ഡി. കോൺട്രാക്ടർ നൽകിയതാണ് (16.1% കുറവ് നിരക്കിൽ). എന്നാൽ ടെണ്ടർ നൽകി കരാറിൽ ഏർപ്പെട്ടത് 13.5% കുറവ് ടെണ്ടറിൽ രേഖപ്പെടുത്തിയ സുനിൽകുമാർ.ഒ.ബി, പി.ഡബ്ല്യു.ഡി. കോൺട്രാക്ടർക്കാണ്. കുറഞ്ഞ ടെണ്ടർ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനെ ഒഴിവാക്കിയതിനാൽ ബ്ലോക്ക് പഞ്ചായത്തിന് താഴെപ്പറയും പ്രകാരം 13,463 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്.

പ്രവീൺ.കെ.പി നൽകിയ ടെണ്ടർ പ്രകാരം ലഭിക്കാവുന്ന കുറവ് - ₹5,00,000x16.1/100= ₹80,500

സുനിൽകുമാർ നടത്തിയ പ്രവൃത്തി പ്രകാരം നൽകിയ ടെണ്ടർ കുറവ് - ₹4,96,570x13.5/100= ₹67,037

ബ്ലോക്ക് പഞ്ചായത്തിനുണ്ടായ നഷ്ടം – ₹13,463/-

ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ ശ്രീ.പ്രവീൺ.കെ.പി എന്ന കരാറുകാരന് ഒഴിവാക്കിയതിനുള്ള കാരണം ഒന്നുംതന്നെ നിർവ്വഹണ ഉദ്യോഗസ്ഥൻ ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ അപാകം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം 11തീയതി 16/11/18) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിനുണ്ടായ നഷ്ടം ₹13,463/- പ്രവൃത്തിയുടെ ടെണ്ടർ

അംഗീകരിച്ച കരാരിൽ എർപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-10 കുടിവെള്ള പദ്ധതി-ചുമതലയിൽപ്പെടാത്ത പ്രവൃത്തി നടത്തി പദ്ധതിപ്പണം ചെലവഴിച്ചു

ബ്ലോക്ക് പഞ്ചായത്ത് രണ്ട് കുടിവെള്ള പദ്ധതികളുടെ കിണർ നിർമ്മാണത്തിനായി ഓഡിറ്റ് വർഷം ആകെ ₹5,35,073 ചെലവഴിച്ചിട്ടുണ്ട്. പദ്ധതി സംബന്ധിച്ച വിവരം ചുവടെ കൊടുക്കുന്നു.

I. ചെറുമൂലക്കുന്ന് കുടിവെള്ള പദ്ധതി

| | |
|---|---|
| പ്രോജക്ട് നം. | 249/18 |
| അടങ്കൽ | ₹2,00,000/- (വികസനഫണ്ട്) |
| ഗു.വിഹിതം (നേരിട്ട്) | ₹20,000/- |
| ആകെ | ₹2,20,000/- |
| ബിൽ നം/തീയതി | 31/17-18/23/2/18 ₹1,45,961/- |
| നിർവ്വഹണം | അസി.എക്സി.എഞ്ചിനീയർ |

2. മൂന്ന് തൊട്ടിപ്പടി കുടിവെള്ള പദ്ധതി

| | |
|---|---|
| പ്രോജക്ട് നം. | 175/18 |
| അടങ്കൽ | ₹4,00,000/- വികസനഫണ്ട് |
| | ₹40,000/-ഗു.വിഹിതം (നേരിട്ട്) |
| ആകെ | ₹4,40,000/- |
| ബിൽ നം/തീയതി | 22/17-18/28/01/18 ₹3,89,112/- |
| നിർവ്വഹണം | അസി.എക്സി.എഞ്ചിനീയർ |

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 172 നാലാം പട്ടിക അനുസരിച്ച ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലയിൽപ്പെടാത്ത പ്രവൃത്തിയാണ് മേൽ പദ്ധതികളിലൂടെ നടപ്പാക്കിയത്. കൂടാതെ കിണർ നിർമ്മാണം നടത്തിയ സ്ഥലം ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 13 തീയതി 16/11/18) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭൂമി കൈമാറിക്കിട്ടാതെ കിണർ നിർമ്മാണം നടത്തിയത് ക്രമവിരുദ്ധമാണ്. ഈ സാഹചര്യത്തിൽ ചെലവ് തുക ₹5,35,073/- (1,45,961+3,89,112) തടസ്സപ്പെടുത്തുന്നു.

## 3-11 അളവ് മൂല്യം ടെണ്ടർ തുകയ്ക്ക് പരിമിതപ്പെടുത്തിയില്ല - അംഗീകരിച്ച ടെണ്ടർ തുക പരിഗണിക്കാതെ അളവ് മൂല്യത്തിൻെറ അടിസ്ഥാനത്തിൽ തുക അനുവദിച്ചത് - അംഗീകരിക്കുന്നില്ല.

താഴെപ്പറയുന്ന പ്രോജക്ടുകളിൽ ഇ-ടെണ്ടർ നടത്തിയതിൽ ഏറ്റവും കുറഞ്ഞ തുക അംഗീകരിച്ച് കരാറുകാരനുമായി എഗ്രിമെന്റ് വെച്ച് പദ്ധതി നിർവ്വഹണം നടത്തിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം ബിൽ തുക അനുവദിക്കുന്ന സമയത്ത് അളവ് മൂല്യം ടെണ്ടർ തുകയ്ക്ക് പരിമിതപ്പെടുത്താതെ അളവ് മൂല്യം തുക കരാറുകാരന് അനുവദിക്കുകയുണ്ടായി. അളവ് മൂല്യം ടെണ്ടർ തുകയ്ക്ക് പരിമിതപ്പെടുത്താത്തതിനാൽ കരാറുകാർക്ക് താഴെ വിവരിച്ച പ്രകാരം 11,398/- രൂപ അധികം നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെപ്പറയുന്നു.

1. പൂക്കോട്-പന്നിക്കോട്- നരിക്കോട് മുക്ക്എസ്.ടി കോളനി നടപ്പാത കോൺക്രീറ്റ്

| | |
|---|---|
| പ്രോജക്ട് നം. | 167/18 |
| അടങ്കൽ | ₹5,00,000/- വികസനഫണ്ട്(ടി.എസ്.പി) |
| ബിൽ നം./തീയതി | 15/17-18/27/9/2017 ₹4,05,900/- |
| നിർവ്വഹണം | അസി.എക്സി എഞ്ചിനീയർ |
| കരാറുകാരൻ | സെക്രട്ടറി,കൽപ്പറ്റ സോൺ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി |
| കരാർ നം. | AEE/LSGD/58/16-17/തീയതി 09.03.17 |
| തുക അനുവദിച്ചതിന്റെ വിവരം | |
| അംഗീകരിച്ച ടെണ്ടർ തുക | ₹4,04,679/- |
| നൽകിയ തുകയുടെ വിവരം | |
| ആകെ പ്രവൃത്തി മൂല്യം | ₹4,05,900/- |
| കുറവുകൾ | |
| വാറ്റ് (4%) | ₹16,236/- |
| ആദായനികുതി(2%) | ₹8,118/- |
| KCWWF (1%) | ₹4,059/- |
| ആകെ കുറവുകൾ | ₹28,413/- |
| കരാറുകാരന് നൽകിയ അറ്റതുക | ₹3,77,487/- |
| കരാറുകാന് നൽകേണ്ട തുക | |
| ടെണ്ടർ തുക | ₹4,04,679/- |
| കുറവുകൾ | |
| വാറ്റ് (4%) | ₹16,187/- |
| ആദായനികുതി (2%) | ₹8,094/- |

| | |
|---|---|
| KCWWF (1%) | ₹4,046/- |
| ആകെ കുറവുകൾ | ₹28,327/- |
| കരാറുകാറന് നൽകേണ്ട തുക | ₹3,76,352/- |
| അധികം നൽകിയ തുക | ₹1,135/- |

2. <u>കല്ല് വെട്ടുംതാഴെ എസ്.സി കോളനി കമ്മ്യൂണിറ്റി ഹാൾ അറ്റകുറ്റപ്പണി.</u>

| | |
|---|---|
| പ്രോജക്ട് നം. | 168/18 |
| അടങ്കൽ | ₹5,00,000/-<br>വികസനഫണ്ട്(ടി.എസ്.പി) |
| ബിൽ നം./തീയതി | 12/17-18/24/08/2017 തുക 4,41,848/- |
| നിർവ്വഹണം | അസി.എക്സി. എഞ്ചിനീയർ |
| കരാറുകാരൻ | ശ്രീ.സുനീഷ്.കെ.ഡി |
| കരാർ നം. | AEE/LSGD/KPT/5/2017-18<br>/5.4.2017 |
| തുക അനുവദിച്ചതിന്റെ വിവരം | |
| അംഗീകരിച്ച ടെണ്ടർ തുക | ₹4,38,394/- |
| നൽകിയ തുകയുടെ വിവരം | |
| ആകെ പ്രവൃത്തി മൂല്യം | ₹4,41,848/- |
| കുറവുകൾ | |
| വാറ്റ് (4%) | ₹17,674/- |
| ആദായനികുതി(1%) | ₹4,418/- |
| KCWWF (1%) | ₹4,418/- |
| ആകെ കുറവുകൾ | ₹26,510/- |
| കരാറുകാരന് നൽകിയ അറ്റതുക | ₹4,15,338/- |
| കരാറുകാറന് നൽകേണ്ട തുക | |
| ടെണ്ടർ തുക | ₹4,38,394/- |
| കുറവുകൾ | |
| വാറ്റ് (4%) | ₹17,536/- |
| ആദായനികുതി (1%) | ₹4,384/- |
| KCWWF (1%) | ₹4,384/- |
| ആകെ കുറവുകൾ | ₹26,304/- |
| കരാറുകാറന് നൽകേണ്ട തുക | ₹4,12,090/- |
| അധികം നൽകിയ തുക | ₹3,248/- |

3. <u>മലങ്കര എസ്.റ്റി കോളനി റോഡ് കോൺക്രീറ്റ്.</u>

| | |
|---|---|
| പ്രോജക്ട് നം. | 188/18 |
| അടങ്കൽ | ₹5,00,000/- വികസനഫണ്ട്(ടി.എസ്.പി) |
| ബിൽ നം./തീയതി | 10/17-18/25/07/2017 ₹3,98,258/- |
| നിർവ്വഹണം | അസി.എക്സി. എഞ്ചീനീയർ |
| കരാറുകാരൻ | ശ്രീ.സുനിൽകുമാർ. ഒ.ബി. |
| കരാർ നം. | AEE/LSGD/64/15.03.2017 |
| തുക അനുവദിച്ചതിന്റെ വിവരം | |
| അംഗീകരിച്ച ടെണ്ടർ തുക | ₹3,97,440/- |
| നൽകിയ തുകയുടെ വിവരം | |
| ആകെ പ്രവൃത്തി മൂല്യം | ₹3,98,255/- |
| കുറവുകൾ | |
| വാറ്റ് (4%) | ₹15,930/- |
| ആദായനികുതി(1%) | ₹3,983/- |
| KCWWF (1%) | ₹3,983/- |
| ആകെ കുറവുകൾ | ₹23,896/- |
| കരാറുകാരന് നൽകിയ അറ്റതുക | ₹3,74,359/- |
| കരാറുകാന് നൽകേണ്ട തുക | |
| ടെണ്ടർ തുക | ₹3,97,440/- |
| കുറവുകൾ | |
| വാറ്റ് (4%) | ₹15,898/- |
| ആദായനികുതി (1%) | ₹3,974/- |
| KCWWF (1%) | ₹3,974/- |
| ആകെ കുറവുകൾ | ₹23,846/- |
| കരാറുകാന് നൽകേണ്ട തുക | ₹3,73,594/- |
| അധികം നൽകിയ തുക | ₹765/- |

4. കുമ്പ്ലാട് ആയുർവേദ ആശുപത്രിക്ക് സമീപം ഡ്രയിനേജ് അരിക് സംരംക്ഷണം

| | |
|---|---|
| പ്രോജക്ട് നം. | 156/18 |
| അടങ്കൽ | ₹7,00,000/- (വികസനഫണ്ട്) |
| ബിൽ നം./തീയതി | 9/17-18/24/07/2017 ₹600,833/- |
| നിർവ്വഹണം | അസി.എക്സി. എഞ്ചീനീയർ |

| | |
|---|---|
| കരാറുകാരൻ | സെക്രട്ടറി, പ്രിയദർശിനി ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി |
| കരാർ നം. | AEE/LSGD/46/15-16/03.02.2017 |
| തുക അനുവദിച്ചതിന്റെ വിവരം | |
| അംഗീകരിച്ച ടെണ്ടർ തുക | ₹5,94,185/- |
| നൽകിയ തുകയുടെ വിവരം | |
| ആകെ പ്രവൃത്തി മൂല്യം | ₹6,00,833/- |
| കുറവുകൾ | |
| വാറ്റ് (4%) | ₹24,033/- |
| ആദായനികുതി(1%) | ₹6,008/- |
| KCWWF (1%) | ₹6,008/- |
| ആകെ കുറവുകൾ | ₹36,049/- |
| കരാറുകാരന് നൽകിയ അറ്റതുക | ₹5,64,784/- |
| കരാറുകാന് നൽകേണ്ട തുക | |
| ടെണ്ടർ തുക | ₹5,94,185/- |
| കുറവുകൾ | |
| വാറ്റ് (4%) | ₹23,767/- |
| ആദായനികുതി (1%) | ₹5,942/- |
| KCWWF (1%) | ₹5,942/- |
| ആകെ കുറവുകൾ | ₹35,651/- |
| കരാറുകാന് നൽകേണ്ട തുക | ₹5,58,534/- |
| അധികം നൽകിയ തുക | ₹6,250/- |

മേൽ അപാകം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം 20 തീയതി 19/11/2018) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തിയുടെ അളവ് മൂല്യം ടെണ്ടർ തുകയ്ക്ക് പരിമിതപ്പെടുത്താതെ മുഴുവനും അനുവദിച്ചത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. കരാറുകാരനുമായി കരാറുടമ്പടിയിൽ ഏർപ്പെട്ട ടെണ്ടർ തുകയേക്കാൾ കൂടുതൽ നൽകിയത് വഴി ബ്ലോക്ക് പഞ്ചായത്തിനുണ്ടായ ആകെ നഷ്ടം 11,398/- രൂപ ബിൽ തുക അനുവദിച്ച നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത്തരത്തിൽ അധികം തുക നൽകിയത് സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്. കൂടാതെ അധികം തുക നൽകിയത് നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-12 പകൽ വീടുകൾക്ക് ഫർണ്ണിച്ചറും ഉപകരണങ്ങളും വാങ്ങിയതിന് അധിക നിരക്ക് നൽകിയത് - അംഗീകരിക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ പകൽ വീടുകൾക്ക് മരം കൊണ്ടുണ്ടാക്കിയ കട്ടിൽ , കസേരകൾ, കളർ ടെലിവിഷൻ തുടങ്ങിയവ വാങ്ങി നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. പദ്ധതി നടപ്പാക്കിയത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം. | 25/17-18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ഫണ്ട് | വികസന ഫണ്ട് (പൊതുവിഭാഗം) |
| ട്രഷറി ബിൽ നം | 06/30.06.17-₹4,13,882/- |

1)ടെണ്ടർ നടപടി ക്രമങ്ങളിലെ അപാകതകൾ.

പദ്ധതിയിൽ വാങ്ങേണ്ട ഫർണ്ണിച്ചറിന്റെയും ഉപകരണങ്ങളുടെയും ആവശ്യകത നിർണ്ണയിക്കുന്നതിലേക്കായി, വിവിധ പഞ്ചായത്തുകൾ അവയുടെ പരിധിയിൽ പ്രവർത്തിക്കുന്ന പകൽ വീടുകൾക്ക് ആവശ്യമായ ഫർണ്ണിച്ചറിന്റെയും ഉപകരണങ്ങളുടെയും വിവരം തീരുമാനമെടുത്ത് ബ്ലോക്ക് പഞ്ചായത്തിന് നൽകേണ്ടതും അത് പരിഗണിച്ചുകൊണ്ട് ടെണ്ടർ വിളിക്കേണ്ടതുമാണ്.എന്നാൽ പദ്ധതിയിൽ വാങ്ങേണ്ട ഫർണ്ണിച്ചറിന്റെയും ഉപകരണങ്ങളുടെയും ആവശ്യകത, ടെണ്ടർ നോട്ടിഫിക്കേഷൻ, ആയത് പത്രങ്ങളിൽ പ്രസിദ്ധികരിച്ചതിന്റെ വിവരം, ടെണ്ടറുകളുടെ കംപാരിസൺ സ്റ്റേറ്റ്മെന്റ്, സപ്ലൈ ഓർഡർ തുടങ്ങിയവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം 17/ 2017-18/ 19.11.2018) മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റിന് ലഭ്യമാക്കിയ ഫയലിൽ, പദ്ധതിയിൽ വാങ്ങേണ്ട ഫർണ്ണിച്ചറുകളുടെയും കളർ ടിവിയുടെയും സ്പെസിഫിക്കേഷൻ, വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ച ടെണ്ടറുകൾ, അനുഎന്റർപ്രൈസസ് എന്ന സ്ഥാപനത്തിന്റെ ബിൽ, ഏതാനും കൈപ്പറ്റ് രസീതുകൾ എന്നിവ മാത്രമാണുള്ളത്.

2) മരം കട്ടിൽ -സർക്കാർ അംഗീകരിച്ച നിരക്കിനേക്കാൾ കൂടുതൽ നൽകി - ₹9830/- അധിക ചെലവ്.

പദ്ധതി പ്രകാരമുള്ള ഫർണിച്ചർ വാങ്ങുന്നതിന് ചേർന്ന പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 22.05.2017 ലെ 3-)൦ നമ്പർ തീരുമാന പ്രകാരം 'പദ്ധതിയിൽ ഫർണ്ണിച്ചറും ഉപകരണങ്ങളും ലഭ്യമാക്കുന്നതിനായി സമർപ്പിച്ച അനുഎന്റർപ്രൈസസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചു എന്നും , ഈ സ്ഥാപനം നൽകിയ ടെണ്ടർ പ്രകാരമുള്ള കട്ടിലിന്റെ ഗുണനിലവാരം പരിശോധിച്ചതിൽ 5,333/- രൂപയുടെ കട്ടിൽ വിതരണം ചെയ്യുന്നതിന് കമ്പനിയോട് ആവശ്യപ്പെടാൻ തീരുമാനിച്ചു' എന്ന് മിനിട്സിൽ

രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തീരുമാനമെടുത്ത പ്രൊക്യൂർമെന്റ് കമ്മിറ്റി യോഗത്തിന് ഭരണസമിതി അംഗങ്ങൾ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്. പ്രൊക്വയർമെന്റ് കമ്മിറ്റി തീരുമാന പ്രകാരം അനു എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും ആഞ്ഞിലി തടി കട്ടിൽ, (6x4') 10 എണ്ണം ₹5,333 നിരക്കിൽ (ആകെ ₹53,330 ) വാങ്ങിയിട്ടുണ്ട്. (അനുഎന്റർപ്രൈസസ് സമർപ്പിച്ച ടെണ്ടർ പ്രകാരം മൂന്ന്തരം കട്ടിലുകളുടെ നിരക്ക് രേഖപ്പെടുത്തിയിട്ടുണ്ട്.ഓർഡിനറി-₹3,900/-,പ്ലെയിൻ-₹4,444/-,മുഴുവൻ പലക-₹5,333/-) പരിശോധനയ്ക്ക് സമർപ്പിച്ച ടെണ്ടർ രേഖകൾ പ്രകാരം 6x4 ആഞ്ഞിലി തടി കട്ടിലിന് രേഖപ്പെടുത്തിയ ഏറ്റവും കുറഞ്ഞ നിരക്ക് ' കലവറ കൽപ്പറ്റ'-യുടെ 3480/- രൂപയാണ്.എന്നാൽ പ്രോക്യൂർമെന്റ് കമ്മിറ്റി കലവറ കൽപ്പറ്റ'-യുടെ ടെണ്ടറോ അനു എന്റർപ്രൈസസ് രേഖപ്പെടുത്തിയ കുറഞ്ഞ നിരക്കോ,മറ്റ് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടറുകളോ പരിഗണിച്ചതായി കാണുന്നില്ല.അനു എന്റർപ്രൈസസ് -ന്റെ കൂടിയ നിരക്കാണ് അംഗീകരിച്ചിട്ടുള്ളത്.കൂടാതെ ഗുണനിലവാരം വനം വന്യജീവി സംരംക്ഷണ വകുപ്പ് പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതായും കാണുന്നില്ല. സർക്കാർ ഉത്തരവ് .(ആർ.ടി) 2086/2017 തിയ്യതി 21.06.17 പ്രകാരം വൃദ്ധർക്ക് നൽകാവുന്ന കട്ടിലിന്റെ പരാമവധി നിരക്ക് 4,350/- രൂപയാണ്.(സ്പെസിഫിക്കേഷൻ നീളം-1.98 മീ.,വീതി 90 സെ.മി,മുൻകാൽ-60 സെ.മി,പിൻ കാൽ-50 സെ.മി, പ്ലൈവുഡ് 8മി.മി കനം). എന്നാൽ പ്രൊക്വയർമെന്റ് കമ്മിറ്റിയോ നിർവ്വഹണ ഉദ്യോഗസ്ഥനോ മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. സർക്കാർ നിർദ്ദേശം അവഗണിച്ച് കൂടിയ നിരക്കിൽ കട്ടിൽ വാങ്ങിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. സ.ഉ(എം.എസ്)നമ്പർ.80/2017 /തസ്വഭവ, തീയതി 03.04.2017 സബ്സിഡി മാർഗ്ഗ രേഖ ഖണ്ഡിക 2.3 ൽ (പൊതു നിബന്ധനകൾ) സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശഭരണസ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിനുണ്ടായ അധിക ചെലവ് ₹9,830/- ഓഡിറ്റ് നിരാകരിക്കുന്നു. ആയത് 22.05.2017 ന് യോഗത്തിൽ പങ്കെടുത്ത പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗങ്ങൾ, തുക നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

3) ഒരേ സ്പെസിഫിക്കേഷൻ സാധനങ്ങൾ -കൂടിയ നിരക്ക് അംഗീകരിച്ചു.

മരം കട്ടിൽ (6x4) കൂടാതെ ആം റസ്റ്റ് ഫൈബർ ചെയർ ,24 ഇൻഞ്ച് എൽ.ഇ.ഡി കളർടിവി തുടങ്ങിയവയും വാങ്ങിയിട്ടുണ്ട്. അനു എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നാണ് കസേരയും ടി.വി -യും വാങ്ങിയിട്ടുള്ളത്.അനു എന്റർപ്രൈസസ് -ന്റെ ക്യാഷ് ബിൽ പരിശോധിച്ചതിൽ താഴെവിവരിച്ച പ്രകാരമുള്ള കസേരയും ടി.വിയും വാങ്ങിയതായി കണ്ടു.

| ഇനം | നിരക്ക് | എണ്ണം | ആകെ |
|---|---|---|---|
| നീൽകമൽ ആം റസ്റ്റ് ചെയർ മോഡൽ-2160 | ₹410.49 | 300 | ₹1,23,147 |
| സാംസങ് എൽ.ഇ.ഡി കളർടിവി 24 ഇൻഞ്ച് | ₹11935.87 | 2 | ₹23,871.75 |
| ആകെ | | | ₹1,47,018.75 |

| | | | |
|---|---|---|---|
| നികുതി(14.5 %) | | | ₹21,317.72 |
| ആകെ | | | ₹1,68,336.47 |

ഓഡിറ്റ് പരിശോധനയ്ക്ക് സമർപ്പിച്ച ടെണ്ടറുകൾ പരിശോധിച്ചതിൽ മേൽ വിവരിച്ച പ്രകാരം അനു എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ അതേ സ്പെസിഫിക്കേഷൻ /ബ്രാൻഡ് സാധനങ്ങൾക്ക് ഇതിലും കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയിട്ടുള്ളതായി കാണാൻ കഴിഞ്ഞു.എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥനോ പ്രക്യൂർമെന്റ് കമ്മിറ്റിയോ ഇക്കാര്യം പരിഗണിച്ചതായി കാണുന്നില്ല. പ്രക്യൂർമെന്റ് കമ്മിറ്റിയുടെ 22.05.2017 ലെ മൂന്നാം നമ്പർ തീരുമാന പ്രകാരം ' പകൽ വീടുകൾക്ക് ഫർണ്ണിച്ചർ വിതരണം പദ്ധതി നടപ്പിലാക്കുന്നതിന് കുറഞ്ഞ നിരക്കിൽ ക്വോട്ട് ചെയ്ത അനു എന്റർപ്രൈസസ് -ന് സപ്ലൈ ഓർഡർ നൽകുന്നതിന് തീരുമാനിച്ചു'എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പരിശോധനയ്ക്ക് ലഭ്യമാക്കിയ ടെണ്ടറുകൾ പ്രകാരം നീൽകമൽ ആം റസ്റ്റ് ചെയർ മോഡൽ-2160,സാംസങ് എൽ.ഇ.ഡി കളർടിവി 24 ഇൻഞ്ച്- എന്നിവയ്ക്ക് ലഭിച്ച ടെണ്ടറുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | ഫിഡ്കോ എന്റർപ്രൈസസ് | പ്രീഡവലെപ്പ് കരണി | വയനാട് ഡിസ്ട്രിക്ട് ഹോൾസെയിൽ കോപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ ലി. | കലവറ കൽപ്പറ്റ | ഡിറ്റി വുഡ് ക്രാഫ്റ്റ് |
|---|---|---|---|---|---|
| നീൽകമൽ ആം റസ്റ്റ് ചെയർ മോഡൽ-2160 | ₹514 | ₹590 | ₹448 | ₹465 | ₹466 |
| സാംസങ് എൽ.ഇ.ഡി കളർടിവി 24 ഇൻഞ്ച് | ₹15,944 | - | | ₹13,690 | ₹12,200 |

മേൽ വിവരിച്ചതിൽ നിന്നും നീൽകമൽ ആം റസ്റ്റ് ചെയർ മോഡൽ-2160 -എന്ന കസേരയ്ക്ക് രേഖപ്പെടുത്തിയിട്ടുള്ള ഏറ്റവും കുറഞ്ഞ നിരക്ക് വയനാട് ഡിസ്ട്രിക്ട് ഹോൾസെയിൽ കോപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ ലിമിറ്റഡ് എന്ന സ്ഥാപനം ക്വോട്ട് ചെയ്ത 448/-രൂപയാണ്.അതുപോലെ തന്നെ സാംസങ് എൽ.ഇ.ഡി കളർടിവി 24 ഇൻഞ്ച്- എന്ന ഇനം ടി.വി-ക്ക് രേഖപ്പെടുത്തിയിട്ടുള്ള ഏറ്റവും കുറഞ്ഞ നിരക്ക് ഡിറ്റി വുഡ് ക്രാഫ്റ്റ് -എന്ന സ്ഥാപനത്തിന്റെ 12,200/- രൂപയാണ്.ഇക്കാര്യം നിർവ്വഹണ ഉദ്യോഗസ്ഥനോ പ്രോക്യൂർമെന്റ് കമ്മിറ്റിയോ ഇക്കാര്യം പരിഗണിച്ചിട്ടില്ല.ഒരേ ഇനം /സ്പെസിഫിക്കേഷൻ /ബ്രാൻഡ് സാധനങ്ങൾക്ക് ലഭിച്ച കുറഞ്ഞ നിരക്ക് പരിഗണിക്കാതെ കൂടിയ നിരക്ക് അനുവദിച്ചത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. കൂടിയ നിരക്ക് അനുവദിച്ചത് വഴി ബ്ലോക്ക്

പഞ്ചായത്തിന് താഴെ വിവരിച്ച പ്രകാരം 9,532/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ഇനം | ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപം/നിരക്ക് (നികുതികൾ അടക്കം) | അന്ന എന്റർപ്രൈസസ്-ന്റെ നിരക്ക് (നികുതികൾ അടക്കം) | വാങ്ങിയ സാധനങ്ങളുടെ എണ്ണം | കൂടിയ നിരക്കിൽ വാങ്ങിയതു കാരണം നഷ്ടം |
|---|---|---|---|---|
| നീൽകമൽ ആം റസ്റ്റ് ചെയർ മോഡൽ-2160 | വയനാട് ഡിസ്ട്രിക്ട് ഹോൾസെയിൽ കോപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ ലി./448 | ₹470 | 300 | 22x300=₹6,600/- |
| സാംസങ് എൽ.ഇ.ഡി കളർടിവി 24 ഇൻഞ്ച് | ഡിറ്റി വുഡ് ക്രാഫ്റ്റ്/12200 | ₹13,666 | 2 | 1466x2=₹2,932/- |
| ആകെ | | | | ₹9,532/- |

കൂടിയ നിരക്കിലുള്ള സാധനങ്ങൾ വാങ്ങിയതു വഴി ബ്ലോക്ക് പഞ്ചായത്തിനുണ്ടായ നഷ്ടം 9,532/- രൂപ അന്ന എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങാൻ നിർദേശിച്ച പ്രോക്യൂർമെന്റ് കമ്മിറ്റി അംഗങ്ങളിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

<u>4) പകൽ വീടുകൾക്ക് ഫർണ്ണിച്ചറും ഉപകരണങ്ങളും സ്റ്റോക്കിലെടുത്തില്ല - വിതരണ വിവരമില്ല</u>

മേൽ വിവരിച്ച പ്രകാരം ,പകൽ വീടുകൾക്ക് ഫർണ്ണിച്ചറും മറ്റ് സാധനങ്ങളും നൽകുന്നതിനായി ആകെ 4,13,882/- രൂപ ചെലവഴിച്ചിട്ടുണ്ട്.പദ്ധതിയിൽ വാങ്ങിയ ഫർണ്ണിച്ചറും ഉപകരണങ്ങളും ബ്ലോക്ക് പഞ്ചായത്തിന്റെ സ്റ്റോക്കിലെടുത്തതായും കൃത്യമായി വിതരണം ചെയ്തതായും കാണുന്നില്ല. ( ഫയലിൽ ലഭ്യമായ ഏതാനും ചില കൈപ്പറ്റുകളിൽ മൂട്ടിൽ ഗ്രാമ പഞ്ചായത്ത് 11-)o വാർഡ് മെമ്പർ, സെക്രട്ടറി ഗ്രാമോദയം ക്ലബ്ബ്, മേപ്പാടി 10-)o വാർഡ് എ.ഡിഎസ്. തുടങ്ങിയവർ ഫർണ്ണിച്ചർ കൈപ്പറ്റിയതായി കാണുന്നു.) വാങ്ങിയ ഫർണ്ണിച്ചറിന്റെയും മറ്റ് സാധനങ്ങളുടെയും വിവരം താഴെ കൊടുക്കുന്നു.

| ഫർണ്ണിച്ചർ/ഉപകരണങ്ങൾ | എണ്ണം | വില (₹) | ആകെ തുക (₹) |
|---|---|---|---|
| അലമാര | 15 | 6404.50 | 96069.63* |

| | | | |
|---|---|---|---|
| സ്റ്റീൽ റാക്ക്-6 അടി | 10 | 2911 | 29110.42* |
| മരകട്ടിൽ-6x4 | 10 | 4657.36 | 46575.40* |
| നീൽകമൽ കസേര-2160(arm rest) | 300 | 410.49 | 123147* |
| സ്റ്റീൽ ടേബിൾ-4x2 | 10 | 4269.01 | 42691.79* |
| കളർ ടി.വി-24-LED Samsung | 2 | 11935.87 | 23871.75* |
| ആകെ | | | ₹3,61,469.02 |
| നികുതി | | | ₹52,413* |
| ആകെ | | | ₹4,13,882* |

*ബില്ലിൽ വ്യക്തതയില്ല

പദ്ധതി പ്രകാരം വാങ്ങിയ ഫർണ്ണിച്ചർ/ഉപകരണങ്ങളുടെ സ്റ്റോക്ക്/വിതരണ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ നിരാകരിച്ച തുക കഴിച്ചുള്ള 3,94,520/-രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-13 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി-ചെലവഴിക്കാത്ത തുക ബ്ലോക്ക് പഞ്ചായത്തിന് തിരികെ നൽകിയില്ല.

ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് 15 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.എന്നാൽ ഗ്രാമപഞ്ചായത്തുകൾ ചെലവഴിക്കാത്ത തുക തിരികെ നൽകിയതായി കാണുന്നില്ല.വിശദവിവരം താഴെകൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി-ഗ്രാമപഞ്ചായത്തുകൾക്ക് തുക നൽകൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| ട്രഷറി ബിൽ നം. | 1/lsg/17-18 തി 28/11/17 ₹15,00,000/- |

ഈ പദ്ധതിയിൽ മുട്ടിൽ ഗ്രാമപഞ്ചായത്തിന് 271,000/- രൂപയും വെങ്ങപ്പള്ളി പഞ്ചായത്തിന് 3,00,000/- രൂപയും നൽകിയതിൽ യഥാക്രമം 2,68,679/- രൂപയുടെയും 2,96,780/- രൂപയുടെയും വിനിയോഗ സാക്ഷ്യപത്രമാണ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ ലഭ്യമാക്കിയിട്ടുള്ളത്. ഈ പദ്ധതി പ്രകാരം മേപ്പാടി ഗ്രാമ പഞ്ചായത്തിന് 1,25,000/- രൂപ നൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/2017-18/21.11.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹130,541/- ചെലവുകൾ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവഴിക്കാത്ത തുക തിരികെ ലഭ്യമാക്കി

വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വാർഷിക കണക്കിലെ ബാലൻഷീറ്റ് ഷെഡ്യൂൾ ബി4ൽ സംയുക്ത പദ്ധതവിഹിതമായി ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിച്ച 71,34,500 രൂപയും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച 2,17,42,500 രൂപയും നീക്കിയിരിപ്പായി കാണുന്നുണ്ട്. റസീപ്റ്റ് & പേമെന്റ് അക്കൗണ്ട് ഷെഡ്യൂൾ ആർ പി 31 ൽ തൻവർഷം സംയുക്ത പ്രോജക്ടുകൾക്കായി ഗ്രാമപഞ്ചായത്തുകളിൽ നിന്നും 46,79,168 രൂപയും ജില്ലാ പഞ്ചായത്തിൽ നിന്നും 1,25,18,838 രൂപയും ലഭിച്ചതായി കാണുന്നു. തുക ചെലവഴിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവ ഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | | 51/17-18/ 24.03.2018 | 1,26,773/- | -- | 1,26,773/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവ്/ചെലവ് ഇല്ല.

## 4-5 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം/ ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം/ ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|

| | | | |
|---|---|---|---|
| 2002-03<br>2-1 | 2006-07<br>3.88.1 | പിരിച്ചെടുത്ത തുകകൾ അക്കൌണ്ടിൽ അടവ് വരുത്തിയിട്ടില്ല. | തടസ്സം നിലനിൽക്കുന്നു. |
| 2013-14 | 2013-14<br>5.3.5 | 2011-12വർഷം 3448338രൂപ ചെലവഴിച്ച് നിർമ്മിച്ച ഉൽപ്പന്നവിപണനകേന്ദ്രങ്ങൾ പാഴ്ചെലവായി മാറി | തടസ്സം നിലനിൽക്കുന്നു. |
| 2014-15,<br>ഖ -2-1 | 2016-17<br>ഖ 2.1.2 | വാർഷിക പദ്ധതി നിർവഹണം, വരവ് ചെലവ് കണക്ക് | വിശദമായ മറുപടി സമർപ്പിച്ചിട്ടുണ്ട്. ഒഴിവാക്കിയിട്ടില്ല |
| 2014-15,<br>ഖ-2-13 | 2016-17 | തിരിമറികൾ, നഷ്ടം, പണ്പഹരണം മുതലായവ | വിശദമായ മറുപടി സമർപ്പിച്ചിട്ടുണ്ട്. ഒഴിവാക്കിയിട്ടില്ല |

## **4-6** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹41,64,09,921/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹16,79,92,096/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹1,54,653/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹ 43,47,178/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1(ഡി)-2 | | ₹ 1,06,230 | ശ്രീ.ശ്രീനീഷ്.എസ്, എൻ.ആർ.ഇ.ജി.എ,അസി.എൻജിനീയർ |
| 3-3 | | ₹4,200 | ശ്രീ.സരുൺ.കെ സെക്രട്ടറി |
| 3-9 | | ₹13,463 | ശ്രീ.റോയ് ഐസക്, അസി.എക്സി.എഞ്ചിനീയർ |

| | | | |
|---|---|---|---|
| 3-11 | | ₹11,398 | ശ്രീ.ദിലീപ്, അസി.എക്സി.എഞ്ചിനീയർ |
| 3-12-2<br>3-12-3 | | ₹9,830<br>₹9,532 | 1)ശ്രീ.എം.സെയ്ത്,ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ<br>2)ശ്രീ.കെ.കെ.ഹനീഫ,വൈസ് പ്രസിഡന്റ്<br>3)ശ്രീമതി.റോഷ്ന യൂസഫ്,ഡിവിഷൻ മെമ്പർ<br>4)ശ്രീ.എം.ഒ.ദേവസ്യ ,ഡിവിഷൻ മെമ്പർ<br>5)പി.ബാലൻ,ഡിവിഷൻ മെമ്പർ<br>6)ശ്രീമതി.ഉഷതമ്പി,വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ<br>(പ്രോക്യൂർമെന്റ് കമ്മിറ്റി അംഗങ്ങൾ)<br>ശ്രീ. രാധാകൃഷ്ണപിള്ള, (സെക്രട്ടറി അഡി.ചാർജ്ജ്)<br>(2,766/-രൂപ വീതം) |
| ആകെ | | ₹1,54,653 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1(ഡി)-1 | ₹1,00000/- | ശ്രീ.സരുൺ.കെ, സെക്രട്ടറി |
| 3-1(എഫ്) | ₹ 70,000/- | ശ്രീ.സരുൺ.കെ, സെക്രട്ടറി<br>ശ്രീ.ശ്രീനീഷ്.എസ്,<br>എൻ.ആർ.ഇ.ജി.എ,അസി.എൻജിനീയർ |
| 3-2 | ₹22,10,789 | ശ്രീ.ഡോ.രാജശ്രീ , മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, വൈത്തിരി |
| 3-4 | ₹6,02,573 | ശ്രീ.സരുൺ.കെ, സെക്രട്ടറി |
| 3-6 | ₹1,26,773 | ശ്രീ.കൃഷ്ണൻകുട്ടി, അസി. എക്സി.എഞ്ചിനീയർ |
| 3-7 | ₹ 98,750 | ശ്രീ.ഉണ്ണികൃഷ്ണൻ, സെക്രട്ടറി |
| 3-8 | ₹78,159 | ശ്രീ.ജി.ബിജു, ജനറൽ എക്സ്റ്റൻഷൻ ഓഫീസർ<br>(₹39,080) ശ്രീ.സരുൺ, സെക്രട്ടറി |

| | | |
|---|---|---|
| | | (₹39,080) |
| 3-10 | ₹5,35,073 | ശ്രീമതി.നിഷ.വി.വി, അസി. എക്സി.എഞ്ചിനീയർ |
| 3-12 | ₹ 3,94,520 | ശ്രീ.സരുൺ, സെക്രട്ടറി |
| 3-13 | ₹1,30,541 | ശ്രീമതി.ഹർഷ.വി.എസ്, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ | ₹43,47,178/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നം 2-1,3-1,3-4,3-5,3-7,3-8 എന്നിവ.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീദിലീപ്, എം.എസ് അസി.എക്സി. എഞ്ചിനീയർ | എക്സി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി. ഡിവിഷൻ, കൽപ്പറ്റ | ഗസൽ, അമ്മായിപ്പാലം , സുൽത്താൻ ബത്തേരി |
| ശ്രീ.എം.സെയ്ത്ത് | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് | മന്തിക്കൽ ഹൗസ്, പൊഴുതന.പി.ഒ, 673575, ഫോൺ നം. 9847064201 |
| ശ്രീ.കെ.കെ.ഹനീഫ, | വൈസ് പ്രസിഡന്റ്,കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് | കിഴക്കയിൽ വീട്, ഇടിയംവയൽ, അച്ചൂർ.പിഒ, |

| | | |
|---|---|---|
| | | പൊഴുതന. ഫോൺ നം.8606607714 |
| ശ്രീമതി.റോഷ്ന യൂസഫ്, | ഡിവിഷൻ മെമ്പർ, കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് | കുന്നമ്മൽ ഹൗസ്, താനിലോട്ട്, മേപ്പാടി.പിഒ, 673577 |
| ശ്രീ.എം.ഒ.ദേവസ്യ | ഡിവിഷൻ മെമ്പർ, കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് | കീഴേത്ത് വീട്, മാണ്ടാട്.പിഒ, മുട്ടിൽ |
| പി.ബാലൻ | ഡിവിഷൻ മെമ്പർ, കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് | താന്നിയോട് പുത്തൻവീട്, വാരാമ്പറ്റ.പിഒ |
| ശ്രീമതി.ഉഷ തമ്പി | വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് | മണിച്ചി വീട്, വാഴവറ്റ.പിഒ |
| ശ്രീ.കെ.ഉണ്ണികൃഷ്ണൻ | ജോയിന്റ് ബി.ഡി.ഒ(റൂറൽ ഹൗസിംഗ്), കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് | കണ്ണംപറമ്പിൽ, ചെറുകാട്ടൂർ.പിഒ, പനമരം |
| ശ്രീ.റോയ് ഐസക് | സേവനത്തിൽ നിന്നും വിരമിച്ചു | പുളിക്കൽ ഹൗസ്, തൊടുപുഴ.പി.ഒ,ഇടുക്കി |
| ശ്രീ.സരുൺ.കെ | സെക്രട്ടറി, കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് | ശ്രീരാഗം, ചേറോട് ഈസ്റ്റ്, വടകര |
| ശ്രീ.ബിജു.ജി | ജനറൽ എക്സ്റ്റൻഷൻ ഓഫീസർ, തൃത്താല ബ്ലോക്ക് പഞ്ചായത്ത് | പുന്നക്കൽ ഹൗസ്, മന്വംകണ്ടം,1000 ഏക്ര, ഇടുക്കി ജില്ല. പിൻ 685561 |
| ശ്രീ.ശ്രീനീഷ്.എസ് | അസി.എൻജിനീയർ,എൻ.ആർ.ഇ.ജി.എ | മണിയോട്ട്കുന്ന്(വീട്) അത്തിമൂല, പൊഴുതന പി.ഒ വൈത്തിരി-673575 |
| ശ്രീമതി.നിഷ.വി.വി | അസി.എക്സി.എഞ്ചിനീയർ, | മുള്ളിക്കോട്ട് ഹൗസ്, |

| | | |
|---|---|---|
| | പി.ഐ.യു, പി.എം.എസ്.ജി.വൈ, കളക്ടറേറ്റ്, കണ്ണൂർ | വണദൂർ, മുയ്യം പോസ്റ്റ്,കണ്ണൂർ 670142 |
| ശ്രീ.കൃഷ്ണകുട്ടി.പി.ഒ | അസി.എക്സി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി. ഡിവിഷൻ, മാനന്തവാടി | പുതുപറമ്പിൽ, മുതുക്കിപ്പറമ്പ്, വെള്ളാമ്പ്രം.പി.ഒ, മലപ്പുറം. 673642 |
| ശ്രീ.കെ.രാധാകൃഷ്ണപിള്ള | ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ, വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് | ഇന്ദിര നിവാസ്, ഇഞ്ചകവിള.പിഒ, പെരുന്ന, കൊല്ലം |
| ഡോ.രാജശ്രീ | മെഡിക്കൽ ഓഫീസർ, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, കോട്ടപ്പറമ്പ്, കോഴിക്കോട് | ഹൗസ് നം.10/529, കിഴക്കഞ്ചേരി ഹൗസ്, ചേവായൂർ.പിഒ, കോഴിക്കോട് |
| ശ്രീമതി.ഹർഷ.വി.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ, കൽപ്പറ്റ | വില്വമംഗലം, അമ്പലപ്പുഴ.പിഒ, ആലപ്പുഴ |

## 4-7 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96,1996-97 | എൽ.എഫ്.ഡബ്ല്യു.പി4-103/99/10.03.99 |
| 1997-98 | എൽ.എഫ്.ഡബ്ല്യു.പി2-501/00/4.1.01 |
| 1998-99 | എൽ.എഫ്.ഡബ്ല്യു.പി2-731/00/16.04.01 |
| 1999-00 | എൽ.എഫ്.ഡബ്ല്യു.പി2-570/03/7.4.04 |
| 2000-01 | എൽ.എഫ്.ഡബ്ല്യു.പി1-344//04/4.10.05 |
| 2001-02 | എൽ.എഫ്.ഡബ്ല്യു.പി2-345/05/8.2.05 |

| | |
|---|---|
| 2002-03 | എൽ.എഫ്.ഡബ്ല്യ.M1-159/15/30.03.15 |
| 2006-07 | എൽ.എഫ്.ഡബ്ല്യ.പി5-1073/11/15.2.12 |
| 2007-08,08-09 | എൽ.എഫ്.ഡബ്ല്യ.E2-359/14/7.4.15 |
| 2009-10 | എൽ.എഫ്.ഡബ്ല്യ.ഇ2-360/14/31.3.15 |
| 2010-11,11-12 | എൽ.എഫ്.ഡബ്ല്യ.ഇ3-953/13/.3.3.15 |
| 2012-13,<br>2013-14 | കെ എസ് എ(ഡബ്ല്യ വൈ ഡി)എം2/407/2015/01.09.15 |
| 2014-15 | കെ എസ് എ(ഡബ്ല്യ വൈ ഡി)എം2/708/2016/31.5.17 |
| 2015-16 | കെ എസ് എ(ഡബ്ല്യ വൈഡി)എം2/163/2017 |
| 2016-17 | കെ എസ് എ(ഡബ്ല്യ വൈ ഡി)എം2/776/17/3.4.18 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

# അനുബന്ധം -1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.(ഡബ്ല.വൈ.ഡി.) എം2 – 981/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്, കൽപ്പറ്റ,

പിൻ -673121
തിയ്യതി : 28/02/2019

Phone- 04936 203672

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 4, 1994 കേരള പഞ്ചായത്ത് രാജ് നിയമം 215(6), 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കൽപ്പറ്റ ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധം കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്, കൽപ്പറ്റ.

# അനുബന്ധം - 2

## വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ട അപാകതകൾ

2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളുടെ പരിശോധനയിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1. മറ്റുവരവുകൾക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

2. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

3. ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഷെഡ്യൂൾ I-17(a)) ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ആസ്തികകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ആസ്തികൾക്ക് തൻവർഷത്തേയ്ക്കുള്ള ഡിപ്രിയിസേഷൻ രേഖപ്പെടുത്തിയത് സംബന്ധിച്ച് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4. RP-40) Capital work in progress എന്ന ശീർഷകത്തിൽ 3,04,18,133 രൂപ ചെലവ് ഉണ്ടെങ്കിലും ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

5. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ. മുൻകൂർ രജിസ്റ്റർ, ആസ്തി രജിസ്റ്റർ തുടങ്ങിയ ഹാജരാക്കിയിട്ടില്ല.

6. ബാലൻസ് ഷീറ്റിലെ B4, B17 തമ്മിൽ പൊരുത്തപ്പെടുന്നില്ല.

7. sale of Tender forms സംക്ഷിപ്തം സാക്ഷപ്പെടുത്തി ഹാജരാക്കിയിട്ടില്ല

8. മുൻകാലങ്ങളിലെ ആസ്തികളുടെ വിവരങ്ങൾ കാലികമാക്കി ആസ്തി രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

9. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്, അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൌണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

10. DBT വഴിയുള്ള വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തി യിട്ടില്ല. ( IAY, PMAY ചെലവുകൾ)

11. ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട് Surplus/Deficit മുൻവർഷത്തെ ക്ലോസിംഗ് ബാലൻസ് തുകയും തൻവർഷത്തെ ഓപ്പണിംഗ് ബാലൻസ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

12. വിവിധ വരുമാന-ചെലവ്- ആസ്തി- ബാധ്യത ഇനങ്ങളിലെ 2016-17 വർഷത്തെ ട്രയൽ ബാലൻസ് പ്രകാരമുള്ള closing balance 2017-18 ലെ opening balance എന്നിവ പൊരുത്തപ്പെടുന്നില്ല. ( ഉദാ:- എക്സസ് ഇൻകം ഓവർ ക്സ്പെൻഡീച്ചർ, ഹെഡ് ഓഫ് അക്കൗണ്ട് -280800501 prior period programme expense0 2016-17 ട്രയൽ ബാലൻസ് ക്ലോസിംഗ് അക്കൗണ്ടിൽ ഉണ്ട്. എന്നാൽ തൻവർഷ ഓപ്പണിംഗ് ബാലൻസിൽ ഉൾപ്പെടുത്തിയിട്ടില്ല.

13. എല്ലാവിധ വരവുകൾക്കും സാംഖ്യ രസീപ്റ്റ് നൽകുന്നില്ല.

14. B15 ഷെഡ്യൂളിലെ sundry debtors എന്ന ഹെഡിലെ Other recievable (Arrears) 77,339/- രൂപ എന്താണെന്നത് വ്യക്തമല്ല.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം,
വയനാട്, കൽപ്പറ്റ.

കൽപ്പറ്റ,
തിയ്യതി: 28/02/2019

# അനുബന്ധം - 3

## വാർഷിക കണക്കുകളുടെ സംക്ഷിപ്തം
## KALPETTA BLOCK PANCHAYATH

## AUDITED INCOME & EXPENDITURE STATEMENT

For the period from 01.04.2017 to 31.03.2018

| Code | Head of Account | Schedule | Amount (₹) |
|---|---|---|---|
| INCOME | | | |
| 130000000 | Rental income from Panchayat Properties | 1-3 | 1,500.00 |
| 140000000 | Fee & User Charges | 1-4(b) | 420,587.00 |
| 150000000 | Sale& Hire Chargrs | 1-5(b) | 36,160.00 |
| 151000000 | Receipts from Transferred Institutions | 1-5(a) | |
| 160000000 | Revenue Grants, Funds, Contributions & Compensations/Subsidies | 1-6 | 167,679,905.00 |
| 171000000 | Interest Earned | 1-8 | 497,571.00 |
| A | Total Income | | ₹168,635,723.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | 1-10(b) | 2,520,787.00 |
| 220000000 | Administrative Expenses | 1-11(b) | 1,185,954.00 |

| | | | |
|---|---|---|---|
| 230000000 | Operations & Maintanance | 1-12(b) | 156,969.00 |
| 240000000 | Interest & Finance charges | 1-13 | 595.00 |
| 250000000 | Decentralised Plan Programme – Productive sector | 1-14 | 8,420,063.00 |
| 251000000 | Decentralised Plan Programme – Service sector | 1-14(a) | 124,820,235.00 |
| 252000000 | Decentralised Plan Programme – Infrastructure sector | 1-14(b) | 8,987,664.00 |
| 253000000 | Decentralised Plan Programme – Projects not inclued in Sector Division | 1-14(c) | 66,930.00 |
| 254000000 | Expenditure of Transfered Institutions and State Sponsered Scheme (not inculed under Decentralised Plan Programme) | 1-14(d) | 152,804.00 |
| 255000000 | Maintenances Projects | 1-14(e) | 6,546,046.00 |
| 256000000 | Other Revenue Grants and Funds – Revenue Expenses | 1-15(a) | 396,000.00 |
| B | Total Expenditure | | ₹153,254,047.00 |
| C = A-B | Gross Surplus/Deficit of Income over Expenditure | | ₹15,381,676.00 |
| D=280000000 | Prior Period Item | 1-18 | |

| | | | |
|---|---|---|---|
| E = C-D 290000000 | Gross Surplus/Deficit of Income over Expenditure afteer Prior period items | | ₹15,381,676.00 |
| Net balance being surplus/deficit carried over to Balance sheet (Panchayath Fund) | | | |

SENIOR DEPUTY DIRECTOR

DISTRICT AUDIT OFFICE,WAYANAD

Kalpetta,
Date: 28/02/2019

KALPETTA BLOCK PANCHAYATH

Audited Receipts & Payments Statement

for the period from 01 April 2017 to 31 March 2018

| Code | Head of Account | Schedule | Amount (₹) |
|---|---|---|---|
| | Opening Balance | | |
| | Bank | RP-40(a) | 112,611,526.00 |
| | Cash | RP-40(a) | 0.00 |
| RECEIPTS | | | |
| Operating<br>130000000 | Rental income from Panchayat Properties | RP-3 | 1,500.00 |
| 140000000 | Fee & User Charges | RP-4 | 420,587,00 |
| 150000000 | Sale& Hire Chargrs | RP-5 | 36,160.00 |
| 151000000 | Receipts from Transferred Institutions | RP-6 | 0.00 |

| | | | |
|---|---|---|---|
| | | | |
| 160000000 | Revnue Grants,Funds, Contributions & Compensations | RP-7 | 71,434,981.00 |
| 171000000 | Interest Earned | RP-9 | 497,571.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 343,760,931.00 |
| 350000000 | Other Liabilities | RP-36 | 55,170.00 |
| | Non Operating | | |
| 312000000 | Reserves | RP-30 | 0.00 |
| 350000000 | Other Liabilities | RP-36 | 203,021.00 |
| 431000000 | Sundry Debtors (Receibles) | 43 | 0.00 |

| | | | |
|---|---|---|---|
| | Grand Total | | ₹529,021,447.00 |
| Payments | | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 2,520,787.00 |
| 220000000 | Administrative Expenses | RP-12 | 1,185,954.00 |
| 230000000 | Operations & Maintenance | RP-13 | 156,969.00 |
| 250000000 | Decentralised Plan Programme – Productive sector | RP-15 | 8,420,0636.00 |
| 251000000 | Decentralised Plan Programme – Service sector | RP-16 | 124,231,992.00 |
| 252000000 | Decentralised Plan Programme – | RP-17 | 1,735,544.00 |

| | | | |
|---|---|---|---|
| | Infrastructure sector | | |
| 253000000 | Decentralised Plan Programme – Projects not inclued in Sector Division | RP-18 | 66,930.00 |
| 254000000 | Expenditure of Transfered Institutions and State Sponsered Scheme | RP-19 | 152,804.00 |
| 255000000 | Maintenance Projects | RP-20 | 6,546,046.00 |
| 256000000 | Other Revenue Grants and Funds – Revenue Expenses | RP-21 | 396,000.00 |
| 280000000 | Prior Period Item | RP-26 | 0.00 |

| | | | |
|---|---|---|---|
| | | | |
| Non-Operating | | | |
| 240000000 | Interest & Finance Charges | RP-14 | 595.00 |
| 350000000 | Other Liabilities | RP- 36 | 642,541.00 |
| 410000000 | Fixed Assets | RP-38 | 12,287,394.00 |
| 412000000 | Capital work in Progress | RP-40 | 8,848,729.00 |
| 460000000 | Loans, Advances and Deposits | RP- 47 | 799,748.00 |
| Closing Balance | | | |
| | Bank | RP-40(b) | ₹361,029,351.00 |
| | Cash | RP-40(b) | 0.00 |

| | | | |
|---|---|---|---|
| | | | |
| Grand Total | | | ₹529,021,447.0 |

SENIOR DEPUTY DIRECTOR

DISTRICT AUDIT OFFICE,WAYANAD

Kalpetta

28/02/2019

KALPETTA BLOCK PANCHAYATH

AUDITED BALANCE SHEET

AS ON 31 Marach - 2018

| Code No. | Description of Items | Schedule No. | Amount (₹) |
|---|---|---|---|

| | | | |
|---|---|---|---|
| | | | |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayath Fund | B-1 | 5,15,83,382.00 |
| 311000000 | Earmarked Funds | B-2 | 0.00 |
| 312000000 | Reserves | B-3 | 50,418,113.00.00 |
| | Total Reserve & Surplus | | ₹102,001,495.00 |
| | Grants Contributions for Specific Purposes | | |
| 320000000 | Grants, Funds & Contributions for Specific Purposes | B-4 | 319,336,019.00 |
| | Total Grants Contributions for Specific Purposes | | ₹319,336,019.00 |

| | | | |
|---|---|---|---|
| | Loans | | |
| 330000000 | Secured Loans | B-5 | 0.00 |
| | Total Loans | | 0.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 20,143.00 |
| 350000000 | Other Liabilities | B-9 | 33,189,719.00 |
| | Total Current Liabilities & Provisions | | 33,209,862.00 |
| | TOTAL LIABILITIES | | ₹454,547,376.00 |
| | ASSETS | | |
| | Fixed assets | | |
| 410000000 | Fixed Assets | B-11 | 92,883,786.00 |

| | | | |
|---|---|---|---|
| 411000000 | Accumulated Depreciation | B-11 | (242,848.00) |
| 412000000 | Capital Work in progress | B-11(a) | 0.00 |
| | Total fixed Assets | | 92,640,938.00 |
| | Investments | | |
| | Current Assets. Loans and Advances | | |
| 431000000 | Sundry Debtore (Receivable) | B-15 | 77,339.00 |
| 440000000 | Pre-paid Expences | B-16 | 0.00 |
| 450000000 | Cash and bank balance | B-17 | 361,029,351.00 |
| 460000000 | Loans, Advance and Deposits | B-18 | 799,748.00 |
| | Total Current Assets, Loans and Advances | | ₹361,906,438.00 |

| | | |
|---|---|---|
| | TOTAL ASSETS | 454,547,376.00 |

SENIOR DEPUTY DIRECTOR

DISTRICT AUDIT OFFICE,WAYANAD

Kalpetta

28/02/2019